**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3008** **07-10-2025 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ വനം വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; ഓരോ റിപ്പോർട്ടും സമർപ്പിച്ചതെന്നാണെന്നും ഓരോ റിപ്പോർട്ടിന്മേലും നാളിതുവരെ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1327 ഫയലുകളിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 83 റിപ്പോർട്ടുകളിൽ ആണ് അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്തിട്ടുള്ളത്. അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്ത ഫയലുകളുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (ബി) | **നടപടി വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | റിപ്പോർട്ട് തീയതി | വിഷയം | പ്രസ്തുത റിപ്പോർട്ടുകളിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ | സ്വീകരിച്ച നടപടി വിവരം |
|---|---|---|---|---|
| 1 | 30-9-2019 | ഇടുക്കി ജില്ലയിലെ കമ്പി ലൈനിൽ അനധികൃത മരംമുറി- സംബന്ധിച്ച് | തെറ്റായ നടപടിക്രമങ്ങൾ സ്വീകരിച്ച് മരങ്ങൾ മുറിക്കാൻ അനുമതി നൽകി | 'ശാസന (censure)' എന്ന ശിക്ഷ നൽകി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവായിട്ടുണ്ട്. |
| 2 | 26.04.2021 | ചാലക്കുടി ഡിവിഷന്റെ മൊബൈൽ പാർട്ടി ഓഫീസിൽ ഒഴിവുണ്ടായിരുന്ന ഡ്രൈവർ തസ്തികയിലേക്ക് വാഴച്ചാൽ ഡി എഫ് ഒ യുടെ ഡ്രൈവറായി വിരമിച്ച ഗഫൂർ എന്ന വ്യക്തിയെ താത്കാലിക ഡ്രൈവറായി വീണ്ടും നിയമിച്ചു എന്ന പരാതി | ദിവസ വേതനടിസ്ഥാനത്തിലോ മറ്റേതെങ്കിലും വിധത്തിലോ വനം വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരെ വനം വകുപ്പിൽ ജോലി ചെയ്യിക്കുന്നത് വിലക്കിക്കൊണ്ടുള്ള ബഹു.ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 07.01.2017 ലെ നിർദ്ദേശം നിലനിൽക്കെ വനം വകുപ്പിൽ നിന്നും വിരമിച്ച ശ്രീ.എ.എസ് ഗഫൂറിനെ താൽക്കാലിക ഡ്രൈവറായി നിയമിച്ച പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നടപടി മേൽ നിർദ്ദേശത്തിന്റെ ലംഘനമാണെന്ന് കണ്ടെത്തി. | ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, റെയിഞ്ച് ഓഫീസർ ശ്രീ T.S മാത്യുവിന് താക്കീത് നൽകിക്കൊണ്ട് നടപടി അവസാനിപ്പിച്ചിട്ടുണ്ട്. |
| 3 | 27.04.2021 | ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ വഴി ലഭിച്ച പരാതി CMO-210302314 | അനുവാദമില്ലാതെ മരം മുറിച്ചതിന് നിയമനടപടി സ്വീകരിക്കാതെ അപേക്ഷകന് NOC നൽകിയതിൽ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് വീഴ്ച കാണുന്നുണ്ട്. | ടിയാൻമാരെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കാമെന്ന തൃശ്ശൂർ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശിപാർശയിന്മേൽ വനം വിജിലൻസ് നടപടി സ്വീകരിച്ച് വരുന്നു. |
| 4 | 15.03.2022 | എറണാകുളം ജില്ലയിൽ വെങ്ങോല പഞ്ചായത്തിൽ ബിൽഡിംഗ് നമ്പർ റദ്ദ് ചെയ്ത സ്ഥാപനത്തിന് അനധികൃതമായി ഫോറസ്റ്റ് എൻ ഒ സി നൽകി എന്ന പരാതി | NOC അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ സ്ഥലപരിശോധനകൾ നടത്താതെയും, മുൻപ് നടത്തിയ പരിശോധനാ റിപ്പോർട്ടിൽനിന്ന് വിരുദ്ധമായി പിന്നീട് നൽകിയ രേഖകളിലെ കെട്ടിട നമ്പരിലെ വ്യത്യാസം പരിഗണിക്കാതെയും ടി എറണാകുളം വെങ്ങോല പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാത്തതും, വ്യാജവുമായ കെട്ടിട നമ്പരിൽ പ്രവർത്തിക്കുന്ന സ്ഥാപനം എന്ന നിലയിൽ ലൈസൻസ് നൽകുകയും, ടി രേഖകളിലെ വ്യത്യാസം മേലുദ്യോഗസ്ഥരുടെയും, ആതറൈസ്ഡ് ഓഫീസറുടെയും | അച്ചടക്ക നടപടി തീർപ്പാക്കി. |

| | | | | |
|---|---|---|---|---|
| | | | ശ്രദ്ധയിൽപ്പെടുത്താതെ, അഥവാ മേലുദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിച്ച്, ടി സ്ഥാപനത്തിന് ലൈസൻസ് നൽകുന്നതിന് കാരണക്കാരായി | |
| 5 | 12.01.2023 | സബിത സുലൈമാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് നൽകിയ പരാതി | ശ്രീമതി സബിത സുലൈമാന്റെ 1.3678 ഹെക്ടർ സ്ഥലത്തിന്റെ എൻ ഒ സി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരാതി സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ മുൻ തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷൻ സർവേയർ ആയ ശ്രീ.ജിജോ തോമസ് (2019 വർഷത്തിൽ) ടി സ്ഥലം അളന്ന് പരിശോധിച്ച് തെറ്റായ റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് സംയുക്ത സർവേ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും കണ്ടെത്തി. ഇത്തരത്തിൽ തെറ്റായ റിപ്പോർട്ട് നൽകിയതുമൂലം എൻ.ഒ.സി ലഭിക്കുന്നതിന് കാലതാമസം നേരിടുകയും ടിയാരിക്കെതിരെ ടി വിഷയവുമായി ബന്ധപ്പെട്ട് ഒരു സിവിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതായി കണ്ടെത്തുകയും ആയത് മൂലം ടിയാരിക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. | അച്ചടക്ക നടപടി തീർപ്പാക്കി. |
| 6 | 08.08.2023 | വനം വന്യജീവി വകുപ്പ് മന്ത്രി മുമ്പാകെ ശ്രീ ജയൻ .പി സമർപ്പിച്ചിട്ടുള്ള പരാതി – സംബന്ധിച്ച്. | എളനാട് ഫോറസ്റ്റ് സ്റ്റേഷൻ പുലാക്കോട് സ്റ്റേഷനിൽ മലബാടം ഭാഗത്ത് പട്ടയ ഭൂമിയിൽ നിന്ന് ഒരു വലിയ തേക്കമരം മുറിച്ചത് – തൃശൂർ ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ചിൽ ലഭിച്ച രഹസ്യ വിവരമനുസരിച്ച് തൃശൂർ ഫ്ലയിങ് സ്ക്വാഡ് റെയിഞ്ച് സ്റ്റാഫുകളും എളനാട് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകളും 26-4-2016 തീയതി മഹസർ തയ്യാറാക്കി തുടർ അന്വേഷണത്തിനായി എളനാട് ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫിസർക്ക് കൈമാറിയിരുന്നു. എന്നാൽ, അടിസ്ഥാന രേഖകൾ ഒന്നും പരിശോധിക്കാതെയും, പ്രാഥമിക അന്വേഷണം നടത്താതെയും, കേസ് ബുക്ക് ചെയ്യാതെയും, റവന്യൂ അധികാരികൾക്ക് കേസ് കൈമാറുകയോ ചെയ്യാതെയും ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട് | ഭരണവിഭാഗം ഉപമുഖ്യ വനപാലകൻ നടപടി സ്വീകരിച്ച് വരുന്നു. |
| 7 | 11-10-2023 | കണ്ണൂർ ജില്ലയിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി RFO ശ്രീ. പ്രദീപൻ NMR വാച്ചർമാർക്ക് കൊടുക്കാനുള്ള ശമ്പളം സ്വയം എഴുതിയെടുക്കുകയും, | ജോലി ചെയ്യാത്തവരുടെ പേരിൽ മസ്റ്റർ റോൾ എഴുതി | നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. പ്രദീപൻ |

| | | | | |
|---|---|---|---|---|
| | | ആദിവാസികളായ വാച്ചർമാരെ സ്വന്തം വീട്ടിലെ ജോലികൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു എന്ന പരാതി – സംബന്ധിച്ച്. | | കാരായിയെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ മേയ്ക്കപ്പാല ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റി ഉത്തരവായിരുന്നു . എന്നാൽ, ടിയാൻ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും, തുടർന്ന് സ്ഥലംമാറ്റ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവായതിനെ ത്തുടർന്ന് ടിയാനെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 8 | 16.11.2023 | മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിൽപ്പെട്ട കണ്ണിമംഗലം ഫോറസ്റ്റ് സ്റ്റേഷന്റെ ബാച്ചിലേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന്റെ ഫൈനൽ ബിൽ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് സിബി .കെ.പി സമർപ്പിച്ച പരാതി – സംബന്ധിച്ച്. | കാലടി റേഞ്ചിലെ കണ്ണിമംഗലം ഫോറസ്റ്റ് സ്റ്റേഷനിലെ ബാച്ചിലേഴ്സ് കോർട്ടേഴ്സിന്റെ നിർമ്മാണ ജോലികൾക്കായി APCCE/5/2015-16/orgl dt 11.09.15 നമ്പറായി 30 ലക്ഷം രൂപയുടെ അടങ്കൽ പാസാക്കി നൽകിയിട്ടുള്ളതും ഗവൺമെന്റ് കോൺട്രാക്ടർ ആയ ശ്രീ.കെ പി സിബി എന്നയാൾ ഇ-ടെൻഡർ മുഖാന്തിരം ടി ജോലികൾ എടുത്ത് 01/01/2016- ലെ 21/2015-16 നമ്പർ എഗ്രിമെന്റ് പ്രകാരം ജോലികൾ നടത്തിയിട്ടുള്ളതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. | കുറ്റാരോപിതർക്ക് മെമ്മോ നൽകി നടപടി തുടർന്ന് വരുന്നു |
| 9 | 02.02.2024 | അങ്കമാലി പോലീസ് പിടികൂടി അതിരപ്പള്ളി റേഞ്ചിലേക്കു കൈമാറിയ ചന്ദനകേസിൽ യഥാസമയം തുടർ നടപടി സ്വീകരിക്കാതിരുന്നത് – സ്റ്റാഫിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | ഏഴാറ്റുമുഖം സ്റ്റേഷനിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.പി.എം.കരീം, ശ്രീ.പി.എം.നിഖിൽ, ശ്രീ.എൻ.വി ഗോപകുമാർ എന്നിവർക്ക് ടി കേസിനെ കുറിച്ച് കൃത്യമായ അറിവുണ്ടായിരുന്നെങ്കിലും ടി കേസ് ഏഴാറ്റുമുഖം സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ട ബാധ്യത ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പോലെ തന്നെ ടിയാന്മാരിലും നിക്ഷിപ്തമാണെങ്കിലും ടി ഉദ്യോഗസ്ഥൻമാരും ഇക്കാര്യത്തിൽ നിഷ്ക്രീയത്വം പാലിച്ചത് അങ്ങേയറ്റം അപലപനീയമാണ്. കൂടാതെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ലീവിലായിരുന്ന സമയത്ത് ശ്രീ.പി.എം.കരീം, ശ്രീ.പി.എം.നിഖിൽ എന്നിവർ സ്റ്റേഷൻ ചാർജ്ജ് ലഭ്യമായ | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി നടപടികൾ തുടർന്ന് വരുന്നു. |

| | | | | |
|---|---|---|---|---|
| | | | സമയത്ത് പോലും ടിയാന്മാർ ടി കേസ് രജിസ്റ്റർ ചെയ്യാൻ തയ്യാറായില്ല എന്നുളളതും കാണേണ്ടതാണ്. കോടതി കാര്യങ്ങൾ നിർവ്വഹിച്ചിരുന്ന സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ഗോപകുമാറും ഗുരുതരമായ വീഴ്ച്ച വരുത്തിയതായി കാണുന്നു. | |
| 10 | 09-04-2024 | കോഴിക്കോട് ജില്ലയിൽ മുക്കം അരീക്കോട് റോഡിൽ സോഷ്യൽ ഫോറസ്റ്ററി വച്ചുപിടിപ്പിച്ച എട്ടു മരങ്ങൾ സ്വകാര്യവ്യക്തിക്ക് പെട്രോൾ പമ്പ് സ്ഥാപിക്കാനായി മുറിച്ച് മാറ്റി എന്ന പരാതി - സംബന്ധിച്ച് | വില്ലേജ് ഓഫീസറുടെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് മരങ്ങൾ മുറിക്കാൻ ഉത്തരവിട്ടു എങ്കിലും ടി ഉത്തരവിൽ ജില്ലാ ഫോറസ്റ്റ് ഓഫീസറുടെ കൂടി അനുവാദം വാങ്ങണമെന്ന് നിർദേശിച്ചിരുന്നു എന്നാൽ വനം വകുപ്പ് ഈ കാര്യത്തിൽ ഒരു പ്രാഥമിക അന്വേഷണം പോലും നടത്താതെ മരം മുറിക്കാൻ അനുവാദം നൽകിയത് സോഷ്യൽ ഫോറസ്റ്ററി വിഭാഗം അസിസ്റ്റന്റ് കൺസേർവേറ്ററുടെ വീഴ്ച യായി കാണാവുന്നതാണ്. | കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാർക്ക് മെമ്മോ നൽകി നടപടി സ്വീകരിച്ച് വരുന്നു. |
| 11 | 30.04.2024 | തൃശ്ശൂർ ഡിവിഷനിലെ പട്ടിക്കാട് റെയിഞ്ചിലെ പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ലോഹിതാഷൻ കീഴ് ജീവനക്കാരെ മാനസികമായി പീഡിപ്പിക്കുന്നു,സ്റ്റേഷനിൽ വരുന്ന പൊതു ജനങ്ങളോടും ക്രൂരമായാണ് പെരുമാറുന്നു എന്നും കൂടാതെ ടി ഉദ്യോഗസ്ഥൻ ഈ സ്റ്റേഷനിലെ സർക്കാർ വാഹനത്തിൽ തന്റെ ഡിവിഷൻ പരിധിയിൽ പെടാത്ത വാഴച്ചാൽ ഡിവിഷനിലെ ആനക്കയം ഭാഗത്ത് ഒരു സ്വകാര്യ പരിപാടിയിൽ പങ്കെടുക്കുവാനായി സർക്കാർ വാഹനം ഉപയോഗിച്ചു എന്നുമുള്ള പരാതി - സംബന്ധിച്ച്. | പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ലോഹിതാക്ഷൻ 18.01.2023 തീയതിയിൽ ഡിപ്പാർട്ട്മെന്റ് വാഹനമായ കെ.എൽ 01 AY 2656 നമ്പർ വാഹനത്തിൽ വാഴച്ചാൽ ആനക്കയം ഭാഗത്തുപോയി ഒരു സ്റ്റാഫിന്റെ റിട്ടയർമെന്റ് പരിപാടിയിൽ പങ്കെടുത്തതായും കൂടാതെ ഡിപ്പാർട്ടമെന്റ് വാഹനത്തിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മകളെ പലപ്പോഴും വെള്ളാനിക്കര കാർഷിക കോളേജിലേക്ക് കൊണ്ടു പോകുകയും തിരിച്ച് കൊണ്ടു വരികയും ചെയ്തതായി മൊഴികളിൽ നിന്നും തൃശ്ശൂർ ഫ്ലയിംഗ് സ്ക്വാഡ് റെയ്ഞ്ചിൽ നിന്നും നടത്തിയ രഹസ്യ അന്വേഷണത്തിലും കണ്ടെത്തിയിട്ടുണ്ട്.പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ലോഹിതാക്ഷൻ 18.01.2023 തീയതിയിൽ ഡിപ്പാർട്ട്മെന്റ് വാഹനമായ കെ.എൽ 01 AY 2656 നമ്പർ വാഹനത്തിൽ വാഴച്ചാൽ ആനക്കയം ഭാഗത്തുപോയി ഒരു സ്റ്റാഫിന്റെ റിട്ടയർമെന്റ് പരിപാടിയിൽ പങ്കെടുത്തതായും കൂടാതെ ഡിപ്പാർട്ടമെന്റ് വാഹനത്തിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മകളെ പലപ്പോഴും വെള്ളാനിക്കര കാർഷിക കോളേജിലേക്ക് കൊണ്ടു പോകുകയും തിരിച്ച് കൊണ്ടു വരികയും ചെയ്തതായി മൊഴികളിൽ നിന്നും തൃശ്ശൂർ ഫ്ലയിംഗ് | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി നടപടികൾ തുടർന്ന് വരുന്നു. |

| | | | | |
|---|---|---|---|---|
| | | | സ്ക്വാഡ് റെയ്ഞ്ചിൽ നിന്നും നടത്തിയ രഹസ്യ അന്വേഷണത്തിലും കണ്ടെത്തിയിട്ടുണ്ട്. | |
| 12 | 03-05-2024 | വയനാട് ജില്ലയിലെ തിരുനെല്ലി സ്റ്റേഷനിലെ ഡെപ്യൂട്ടി RFO ആയിരുന്ന ശ്രീ.ജയപ്രസാദും, വാച്ചർ ശ്രീ. കുര്യനും ചേർന്ന് വന്യജീവി ആക്രമണത്തിന്റെ പേരിൽ വ്യാജ രേഖകൾ ഉണ്ടാക്കി സർക്കാർ ധനം അപഹരിക്കുന്നു എന്ന പരാതി - സംബന്ധിച്ച്. | കടുവയുടെ ആക്രമണവുമായി ബന്ധപ്പെട്ട് സത്യവിരുദ്ധമായി മഹസ്സർ തയ്യാറാക്കുകയും സർക്കാർ ധനസഹായം വ്യാജമായി നൽകുന്നതിന് കൂട്ടുനിന്നതായും കണ്ടെത്തി. | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി നടപടികൾ തുടർന്ന് വരുന്നു. |
| 13 | 31-05-2024 | വയനാട് സൗത്ത് ഡിവിഷനിലെ മേപ്പാടി റേഞ്ചിന്റെ കീഴിലുള്ള ചെമ്പര വനസംരക്ഷണ സമിതി ഫണ്ടിൽ വൻ വെട്ടിപ്പ് പത്രവാർത്ത സംബന്ധിച്ച് | ചെമ്പ്ര വനസംരക്ഷണ സമിതിയിലെ എക്കോ ടൂറിസത്തിന്റെ വരുമാനം യഥാസമയം ബാങ്കിൽ നിക്ഷേപിക്കുന്നതിലും, റിക്കാർഡുകൾ കൃത്യമായി പരിപാലിക്കുന്നതിനും വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട് | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,കുറ്റാരോപിതർക്കെതിരെ അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുണ്ട് |
| 14 | 02-10-2024 | ഇരുളം മരം കൊള്ള -മാതൃഭൂമി പത്ര വാർത്ത | കാടിനുള്ളിൽ മച്ചാൻ നിർമ്മിക്കുന്നതിന് നിരക്കുകളോ സ്പെസിഫിക്കേഷനുകളോ ലഭ്യമല്ലാത്തതിനാലാണ് ഇത്തരത്തിൽ ഒരു പ്രവർത്തി ഉണ്ടായിട്ടുള്ളത്. തേക്ക് തോട്ടങ്ങളിലും മറ്റ വനപ്രദേശങ്ങളിലും ഉണങ്ങിയതും വീണതുമായ തടികൾ ശേഖരിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങളെക്കുറിച്ചുള്ള അജ്ഞത ബന്ധപ്പെട്ട സ്റ്റാഫിനിടയിലുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ പരിശീലനം അനിവാര്യമാണ്. മച്ചാൻ നിർമ്മാണത്തിന് എത്രമാത്രം സമഗ്രികൾ ആവശ്യമാണ് എന്ന് വ്യക്തമല്ല. പത്രങ്ങളിൽ ഇത്തരത്തിൽ വാർത്ത വന്നത് പ്രൊട്ടക്റ്റീവ് സ്റ്റാഫുകൾക്കിടയിലുള്ള വ്യത്യസ്ത സർവീസ് സംഘടനകൾ തമ്മിലുള്ള സംഘർഷം ആണെന്ന് കാണുന്നു.കാടിനുള്ളിൽ നിന്ന് വന സംരക്ഷണത്തിന് വേണ്ടിയായാലും ഉണങ്ങിയ മരങ്ങൾ മുറിക്കുന്നത് ഉൾപ്പെടെയുള്ള സാമഗ്രികൾ ശേഖരിക്കുന്നതിന് നിയതവും നിയമപരവുമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഡിഎഫ്ഒയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്.ഇത്തരം പ്രവർത്തികൾ ആരംഭിക്കുന്നതിനു മുമ്പായി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരിശോധന നടത്തി കൃത്യമായ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. | കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാർക്ക് കുറ്റപത്രം /കുറ്റാരോപണ പത്രിക നൽകി തുടർനടപടി സ്വീകരിച്ച് വരുന്നു |

| | | | | |
|---|---|---|---|---|
| | | | ആയതിനുള്ള മാർഗ്ഗനിർദ്ദേശം നൽകാവുന്നതാണ്. | |
| 15 | 14-10-2024 | നോർത്ത് വയനാട് ഡിവിഷനിൽ ബേഗ്ഗർ റെയിഞ്ചിൽ തലപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തലപ്പുഴ 43 മൈൽ ഭാഗത്ത് സൌരോർജ്ജ തൂക്കുവേലി നിർമ്മാണത്തിൻ്റെ അനുമതി ഇല്ലാതെ മരങ്ങൾ മുറിച്ച എന്ന വാർത്തയിൽ അന്വേഷണം നടത്തിയത് സംബന്ധിച്ച് - കൂടുതൽ വിവരങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച് | വയനാട് ഡിവിഷനിൽ ബേഗ്ഗർ റെയിഞ്ചിൽ തലപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തലപ്പുഴ 43 മൈൽ ഭാഗത്ത് സൗരോർജ്ജ തൂക്കുവേലി നിർമ്മാണത്തിന്റെ ഭാഗമായി അനുമതി ഇല്ലാതെ മരങ്ങൾ മുറിച്ചവയനാട് ഡിവിഷനിൽ ബേഗ്ഗർ റെയിഞ്ചിൽ തലപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തലപ്പുഴ 43 മൈൽ ഭാഗത്ത് സൗരോർജ്ജ തൂക്കുവേലി നിർമ്മാണത്തിന്റെ ഭാഗമായി അനുമതി ഇല്ലാതെ മരങ്ങൾ മുറിച്ച | സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. ശ്രീധരൻ പി.വി, ശ്രീ. റൊബർട്ട് സി. ജെ എന്നിവരെ നോർത്തേൺ സർക്കിൾ സി.സി.എഫ്. സസ്പെന്റ് ചെയ്ത് തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| 16 | 07.11.2024 | പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ലോഹിതാക്ഷൻ ജീവനക്കാരോട് അപമര്യാദയായി പെരുമാറി എന്ന പരാതി | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഇല്ലാത്ത സമയത്ത് ഓഫീസിൽ വന്ന് കീഴ്ജീവനക്കാരോട് ഭീഷണിയുടെ രീതിയിൽ ജീവനക്കാരോട് സംസാരിച്ചതായി കണ്ടെത്തിയിട്ടുണ്ട് | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി നടപടികൾ തുടർന്ന് വരുന്നു. |
| 17 | 12-11-2024 | തിരുവനന്തപുരം സോഷ്യൽ ഫോറസ്റ്റിലെ സി രവീന്ദ്രകുമാറിനെതിരെ ശ്രീ.സുരേഷ് സിഎംഒ പോർട്ടൽ നൽകിയ പരാതി | ശ്രീ വീരേന്ദ്രകുമാറിന് യഥാസമയം മെഷർമെൻറ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. | ശ്രീ.വീരേന്ദ്രകുമാറിന് ശക്തമായ ഭാഷയിൽ താക്കീത് നൽകുന്നതിന് കൊല്ലം, സോഷ്യൽ ഫോറസ്ട്രി, ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| 18 | 12-11-2024 | നെല്ലിയാമ്പതി പ്ലാന്റേഷൻസ് (മിന്നാംപാറ എസ്റ്റേറ്റ്) എന്നറിയപ്പെടുന്ന 200 ഏക്കറോളം വരുന്ന വനഭൂമി ബഹു: സുപ്രീം കോടതിയുടെ വിധിക്ക് വിരുദ്ധമായി സർവ്വെ നടത്തിയെന്ന ശ്രീ.ടോണി തോമസിന്റെ പരാതി - കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്. | ബഹു സുപ്രീം കോടതിയുടെ കോടതിയിൽ സർക്കാറിന്റെ കേസിൽ Stay നിലനിൽക്കുമ്പോൾ അതിന് കോട്ടം വരുന്ന രീതിയിൽ മിന്നാംപാറ എസ്റ്റേറ്റ് വസ്തുക്കൾ അളക്കുന്നതിനുള്ള സർവ്വേ നടപടി സ്വീകരിച്ചതിൽ ഉദ്യോഗസ്ഥന്മാർക്ക് വീഴ്ച പറ്റിയതായി കണ്ടെത്തിയിട്ടുണ്ട്. | സുപ്രീം കോടതി സ്റ്റേ നിലനിൽക്കുന്ന സമയത്ത് മിന്നാംപാറ എസ്റ്റേറ്റ് അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചതിന് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ താക്കീത് നൽകുവാൻ ശുപാർശ നൽകിയിട്ടുണ്ട് |
| 19 | 15-04-2025 | ബഹു.കേരള മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ വഴി ശ്രീമതി സതി ശങ്കരൻകുട്ടി സമർപ്പിച്ച G-3230601451 നമ്പർ പരാതി (Shri.K.P Santhosh SFO -M PEN-) | അപമര്യാദയായി പെരുമാറി | നടപടി സ്വീകരിച്ചുവരുന്നു |
| 20 | 10-12-2024 | അടച്ചിട്ടിരുന്ന വീട്ടിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ അനധികൃതമായി പരിശോധന | പെരുവണ്ണാമൂഴി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിയമാനുസൃതമുള്ള | കുറ്റക്കാരനായ ജീവനക്കാരനെ സ്ഥലം മാറ്റുകയും |

| | | | | |
|---|---|---|---|---|
| | | നടത്തി എന്ന് ശ്രീ.സത്യൻ.എൻ, നട്ടത്തലക്കൽ, മൊടക്കല്ലൂർ എന്നയാൾ നൽകിയ പരാതി | സെർച്ച് വാറണ്ട് ഇല്ലാതെ സെർച്ച് നടത്തുകയും സെർച്ച് വാറണ്ടിന്റെ അഭാവത്തിൽ സെർച്ച് നടത്തിയാൽ തയാറാക്കേണ്ട സെർച്ച് മെമ്മോറാണ്ടം തയാറാക്കുകയോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ മുൻകൂട്ടി അറിയിക്കുകയോ,ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അനുമതി തേടുകയോ ചെയ്തിട്ടില്ല. | താക്കീത് നൽകുകയും ചെയ്തു |
| 21 | 13.12.2024 | തൃശ്ശൂർ ചാലക്കുടി ഡിവിഷന് കീഴിൽ പരിയാരം റെയിഞ്ചിൽ നായരങ്ങാടി ഇക്കോറെസ്റ്ററേഷൻ പ്രൊജക്ട് ഭാഗമായി 6000 തൈകൾ വച്ച്പിടിപ്പിക്കാൻ എസ്റ്റിമേറ്റ് പാസ്സാക്കിയതിൽ 3000 തൈകൾ മാത്രമേ വെച്ച് പിടിപ്പിച്ചിട്ടുള്ളുവെന്നും എന്നാൽ മുഴുവൻ ബിൽ തുക നൽകി എന്നുമുള്ള പരാതി | 27.03.2023-ആം തിയതി ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ചിലെ സ്റ്റാഫുകളും കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകളും സംയുക്തമായി ടി സ്ഥലത്ത് പരിശോധന നടത്തിയതിൽ ആകെ 2186 തൈകൾ ഉള്ളതായും, കൂടാതെ 1422 തൈകൾ ഇല്ലാത്ത കുഴികൾ ഉള്ളതായും കണ്ടെത്തിയിട്ടുള്ളതാണ്. എം-ബുക്കിൽ ചെയ്ത ജോലികളുടെ അളവ് വിവരം കൃത്യമായി രേഖപ്പെടുത്താത്തതിനാലും, പാസ്സാക്കിയ അടങ്കൽ പ്രകാരം എത്ര തൈകൾ പ്ലാന്റ് ചെയ്തുവെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. | നടപടി സ്വീകിരച്ച് വരുന്നു. |
| 22 | 16-12-2024 | തിരുവഴിയാട് സെക്ഷനിൽ ഫയർ വാച്ചർമാരായി ജോലിചെയ്തിട്ടുള്ളവർക്ക് ശമ്പളം കിട്ടുന്നില്ല എന്നാരോപിച്ചു ശ്രീ.ടി.എ.ചന്ദ്രൻ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നൽകിയ പരാതി - കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്. | ഫയർ വാച്ചറായി ജോലി നോക്കാത്തവരുടെ പേരിൽ മാസ്റ്ററോൾ എഴുതി വേതനം നൽകിയതായി കണ്ടെത്തിയിട്ടുണ്ട് | നടപടി സ്വീകിരച്ച് വരുന്നു. |
| 23 | 17.12.2024 | മറയൂർ ചന്ദന റിസർവിൽ നിന്നും വ്യാപകമായി ചന്ദനമരം മുറിച്ചു കടത്തുന്നു എന്ന ഹിന്ദു ദിനപത്രത്തിലെ വാർത്ത | നാച്ചിവയൽ സ്റ്റേഷൻ പരിധിയിൽ ചന്ദന കുറ്റകൃത്യങ്ങൾ വർധിച്ചത് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സംരക്ഷണ വിഭാഗം ജീവനക്കാരുടെയും താത്കാലിക വാച്ചർമാരുടെയും വീഴ്ചയായി കണ്ടെത്തിയിട്ടുണ്ട്. | അച്ചടക്ക നടപടികൾ തുടർന്നു വരുന്നു |
| 24 | 25.12.2024 | പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിലും പരിസരങ്ങളിലുമുള്ള മുളകൾ ലേലം ചെയ്ത് വിറ്റതുമായി ബന്ധപ്പെട്ട പരാതി | അപകടകരമായി നിന്നിരുന്ന മുളകൾ GO(MS) No. 67/2015 FWLD തീയതി 10.09.2015 നമ്പർ ഉത്തരവ് പ്രകാരം 17200/- രൂപക്ക വിലനിർണ്ണയം നടത്തി നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ വനം വന്യജീവി വകുപ്പിന്റെ 30.03.2017 തീയതിയിലെ GO(MS)No0.16/2017 FWLD ഉത്തരവ് പ്രകാരം വില നിർണയം നടത്തിയിരുന്നുവെങ്കിൽ 69876/- രൂപ കിട്ടേണ്ടിയിരുന്നുവെന്നും തന്മൂലം 52676/- രൂപയുടെ വ്യത്യാസം വന്നതായും കണ്ടെത്തിയിട്ടുണ്ട്. | വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ സർക്കാർ ഉത്തരവുകൾ കൃത്യമായി എല്ലാ ഡിവിഷനിലും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി |

| | | | | |
|---|---|---|---|---|
| 25 | 12.01.2025 | 2013 മാർച്ച് 8,9 തീയതികളിലായി വാഴച്ചാൽ ഡിവിഷനു കീഴിലുള്ളതും അയ്യമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതുമായ എരുമാടം ഭാഗത്ത് 600 ഹെക്ടറിലധികം വനഭൂമി വനസംരക്ഷണ സമിതി തീയിട്ട് നശിപ്പിച്ചു എന്ന് എൻ.സി.പി.മായി ബ്ലോക്ക് പ്രസിഡന്റ് എം.കെ.രാജീവ് സമർപ്പിച്ച പരതി | കടുത്ത വേനൽക്കാലമായ മാർച്ച് മാസത്തിൽ ആവശ്യമായ മുൻകരുതലുകളോ ജാഗ്രതയോ പുലർത്താതെ ഫയർബ്രേക്ക് കത്തിച്ചത് മൂലം തീ പടർന്നു കയറി 1994 തേക്ക് തോട്ടത്തിലെ 4 ഹെക്ടർ സ്ഥലവും 1974 തേക്ക് തോട്ടത്തിലെ 20 ഹെക്ടർ സ്ഥലവും ഐ ബി കുന്ന് ഭാഗത്തെ 10 ഹെക്ടർ സ്ഥലവും ഉൾപ്പെടെ 34 ഹെക്ടർ വനഭൂമി കത്തിയതായും പരിശോധനയിൽ അടിക്കാടുകളും മുളങ്കൂട്ടങ്ങളും കത്തിനശിച്ചിട്ടുള്ളുവെന്നും തേക്കു തോട്ടത്തിനും മറ്റു വൻമരങ്ങൾക്കും കാര്യമായ നാശനഷ്ടം സംഭവിച്ചിട്ടില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും നിർദ്ദേശങ്ങൾ അവഗണിച്ചും ജാഗ്രതക്കുറവോടെയും ഫയർ ബ്രേക്ക് കത്തിച്ചതു വഴി കാട്ടുതീ പടരാനുണ്ടായ സാഹചര്യത്തിൽ ടി കാലയളവിലെ ഏഴാറ്റുമുഖം ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.പ്രശാന്ത്.എസ് പ്രഭാകർ, ഏഴാറ്റുമുഖം ഫോറസ്റ്റ് സ്റ്റേഷനിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസറും എരുമത്തടം വി.എസ്.എസ് സെക്രട്ടറിയുമായിരുന്ന ശ്രീ.നിഖിൽ പി.എം എന്നിവരുടെ ഭാഗത്തു നിന്നും ഗുരുതര വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്.കടുത്ത വേനൽക്കാലമായ മാർച്ച് മാസത്തിൽ ആവശ്യമായ മുൻകരുതലുകളോ ജാഗ്രതയോ പുലർത്താതെ ഫയർബ്രേക്ക് കത്തിച്ചത് മൂലം തീ പടർന്നു കയറി 1994 തേക്ക് തോട്ടത്തിലെ 4 ഹെക്ടർ സ്ഥലവും 1974 തേക്ക് തോട്ടത്തിലെ 20 ഹെക്ടർ സ്ഥലവും ഐ ബി കുന്ന് ഭാഗത്തെ 10 ഹെക്ടർ സ്ഥലവും ഉൾപ്പെടെ 34 ഹെക്ടർ വനഭൂമി കത്തിയതായും പരിശോധനയിൽ അടിക്കാടുകളും മുളങ്കൂട്ടങ്ങളും കത്തിനശിച്ചിട്ടുള്ളുവെന്നും തേക്കു തോട്ടത്തിനും മറ്റു വൻമരങ്ങൾക്കും കാര്യമായ നാശനഷ്ടം സംഭവിച്ചിട്ടില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും നിർദ്ദേശങ്ങൾ അവഗണിച്ചും ജാഗ്രതക്കുറവോടെയും ഫയർ ബ്രേക്ക് കത്തിച്ചതു വഴി കാട്ടുതീ പടരാനുണ്ടായ സാഹചര്യത്തിൽ ടി കാലയളവിലെ ഏഴാറ്റുമുഖം ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. പ്രശാന്ത്. എസ് പ്രഭാകർ, ഏഴാറ്റുമുഖം | കുറ്റാരോപിതർക്ക് മെമ്മോ നൽകി നടപടി തുടർന്ന് വരുന്നു. |

| | | | | |
|---|---|---|---|---|
| | | | ഫോറസ്റ്റ് സ്റ്റേഷനിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസറും എരുമത്തടം വി.എസ്.എസ് സെക്രട്ടറിയുമായിരുന്ന ശ്രീ.നിഖിൽ പി.എം എന്നിവരുടെ ഭാഗത്തു നിന്നും ഗുരുതര വീഴ്ച്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്. | |
| 26 | 18.01.2025 | വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷന് കീഴിൽ ജീപ്പ് സഫാരി നടത്തുന്നതുമായി ബന്ധപ്പെട്ട് രാജീവ് പി.പി.സമർപ്പിച്ച പരാതി – ശ്രീമതി ലക്ഷ്മി (DFO),ശ്രീ.നിതിൻ പി.എസ്.(RO)എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി –സംബന്ധിച്ച് | വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീമതി ലക്ഷ്മി, ആതിരപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. നിതിൻ പി.എസ് എന്നീ ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ മനപൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടിട്ടുണ്ട് | കുറ്റാരോപിതർക്ക് മെമ്മോ നൽകി നടപടി തുടർന്ന് വരുന്നു. |
| 27 | 18.01.2025 | കൽപ്പറ്റ ഫോറസ്റ്റ് റെയിഞ്ച് ഓഫീസ്,പുറക്കാടി വില്ലേജ് ഓഫീസ് കണിയാൻപാറ്റ വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ നടന്ന മിന്നൽ പരിശോധന – സംബന്ധിച്ച് | മരം മുറിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷ,സ്ഥലമുടമ നേരിട്ടോ, അല്ലെങ്കിൽ സ്ഥലമുടമയുടെ ഓതറൈസേഷൻ ലെറ്റർ മുഖാന്തിരമോ മാത്രമേ സ്വീകരിക്കാൻ പാടുള്ളുവെന്ന് | കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു |
| 28 | 22.02.2025 | ഇടുക്കി ജില്ലയിൽ കാർഡമം ഹിൽ റിസർവിൽ പെട്ട (CHR)ഏലത്തോട്ടങ്ങളിൽ നിന്നും അനുമതിയില്ലാതെ വ്യാപകമായി മരങ്ങൾ മുറിച്ച് കടത്തുന്നത് സംബന്ധിച്ച കുറിപ്പ് | CHR മേഖലയിലെ അനധികൃത മരം മുറിയിൽ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട് | നടപടി സ്വീകരിച്ചു വരുന്നു |
| 29 | 01–03–2025 | ഒറ്റപ്പാലം റെയിഞ്ച് പട്ടാമ്പി സെക്ഷൻ പരിധിയിലെ വി.എഫ്.സി. ഐറ്റം നമ്പർ 70 രാമഗിരിക്കോട്ട മലവാരത്തിൽ നിന്നും ചന്ദന മരങ്ങൾ മോഷണം പോയത് – സംബന്ധിച്ച് | ഫ്ളയിംഗ് സ്ക്വാഡിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് വിശദ പരിശോധന നടത്തിയതിൽ ഒ.ആർ–06/2024 കേസ്സിലെ മഹസ്സറിൽ ഉൾപ്പെട്ട ചന്ദനമരക്കുറ്റികളുടെ 5 മീറ്റർ പരിധിക്കുള്ളിലായി 5 ചന്ദനമരക്കുറ്റികൾ ഉൾപ്പെടെ 33 ചന്ദനമരങ്ങൾ കൂടി മോഷണം പോയതായി കണ്ടെത്തിയിരുന്നു. 33 ചന്ദനമരങ്ങൾ മോഷണം പോയത് ഫീൽഡ് പരിശോധന നടത്തി കുറ്റകൃത്യം കണ്ടെത്തുവാൻ സാധിക്കാത്തത് പട്ടാമ്പി സെക്ഷൻ സ്റ്റാഫിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയും, കൃത്യനിർവ്വഹണത്തിലുള്ള നിരുത്തരവാദപരമായ സമീപനവും അലംഭാവവുമാണ്. | നടപടി സ്വീകരിച്ചു വരുന്നു |
| 30 | 02.03.2025 | വാഴച്ചാൽ ഡിവിഷനിലെ വനം വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ അഴിമതിയുമായി ബന്ധപ്പെട്ട് ശ്രീ.റൂബി ലാൽ, തൃശ്ശൂർ എൻക്വയറി കമ്മീഷൻ &സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) മുമ്പാകെ | അന്വേഷണത്തിൽ വനസംരക്ഷണ സമിതിയുടെ 10.10.2019 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മീറ്റിങ്ങിൽ വാഴച്ചാൽ ആദിവാസി കോളനിയിൽ മണപ്പുറം ഗ്രൂപ്പ് ഫൗണ്ടേഷന്റെ സഹായത്തോടെ FDA മുഖാന്തിരം 17 കുടുംബങ്ങൾക്ക് ടോയിലറ്റ് നിർമ്മിച്ച | വനം ആസ്ഥാനത്ത് നടപടി സ്വീകിരച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| | | സമർപ്പിച്ച പരാതി | നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണെന്നും. ടി പ്രവർത്തികളുമായി ബന്ധപ്പെട്ട് വാഴച്ചാൽ വി.എസ്.എസിൽ നിന്നും എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതും വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ പാസ്സാക്കി നൽകിയിട്ടുള്ളതാണെന്നും. എന്നാൽ ടി പ്രവർത്തികൾ കോൺട്രാക്ടർക്ക് നൽകുന്നതിന് മുമ്പായി സർക്കാർ നിയമാവലി പ്രകാരമുള്ള കൊട്ടേഷൻ ക്ഷണിച്ചികൊണ്ടുള്ള തീരുമാനങ്ങളോ മറ്റ് നടപടി ക്രമങ്ങളോ കമ്മിറ്റി പാലിച്ചിട്ടില്ലെന്നും ടി പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരന് എന്ത് അടിസ്ഥാനത്തിൽ ആര് വർക്ക് നൽകി എന്നുള്ളതിന് യാതൊരു വ്യക്തതയും ടി സമിതിയിലെ രേഖകളിൽ ഇല്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. വർക്കുകൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വി.എസ്.എസ് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | |
| 31 | 11-03-2025 | Illicit mining of Vaidhuryam from Palode Mananchal Area | വനമേഖലയിൽ അതിക്രമിച്ച് കയറിറ വൈഡൂര്യം ഖനനം ചെയ്യുന്നതിനുവേണ്ടി കുഴി ഉണ്ടാക്കിയതിൽ ഡി കാലയളവിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർക്ക് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ട്. | നടപടി സ്വീകരിച്ചുവരുന്നു |
| 32 | 06-05-2025 | സിഎംഒ Portal -ശ്രീ.ഷാജർ അറാഫത്ത് നൽകിയ പരാതി | റിക്കാർഡുകൾ കൃത്യമായി പരിപാലിക്കുന്നതിന് വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട് | അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു |
| 33 | 14.05.2025 | ബഹു.ഇന്ത്യൻ പ്രധാനമന്ത്രിക്ക് പൂയംകുട്ടി ആദിവാസി സംരക്ഷണ സമിതി മൂപ്പന്റെ പേരിൽ നൽകിയ പരാതി - ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന കെ.ടി.റോയിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് -സംബന്ധിച്ച് | പൂയംകുട്ടി സ്റ്റേഷന് കീഴിലുള്ള റിസർവ് വനത്തിൽ പ്രവേശിച്ച ബാറ്ററിയും, ഇൻവെർട്ടറും ഉപയോഗിച്ച് പുഴയിൽ നിന്നും നിയമവിരുദ്ധമായി മീൻ പിടിച്ചതിന് ഒ.ആർ.02/18 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒ.ആർ.02/18 കേസിലുൾപ്പെട്ട വാഹനം യഥാസമയം പിടിച്ചെടുക്കാത്തതും FIR ൽ Kerala Forest Act Section 24(1) e(iv) പ്രകാരം മാത്രം കേസെടുത്തത് ശരിയല്ലായെന്നും കണ്ടെത്തിട്ടുണ്ട്. | പൂയംകുട്ടി ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന കെ.ടി.റോയിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിരുന്നു. എന്നാൽ ടിയാൻ 29.06.2023 തീയതിയിൽ മരണപ്പെട്ടിട്ടുള്ളതാണ്. 1960 - ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും. നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ മരണപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ |

| | | | | |
|---|---|---|---|---|
| | | | | ആരംഭിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ കഴിയുന്നതല്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്. |
| 34 | 06-06-2025 | സ്വകാര്യ വ്യക്തികൾക്ക് ടിമ്പർ ഡിപ്പോയും,മരാധിഷ്ഠിത വ്യയസായവും നടത്തുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ പണം വാങ്ങി അനുമതി നൽകിയെന്നുള്ള പരാതി | രണ്ടു മില്ലുകളും മാറ്റി സ്ഥാപിച്ചിട്ടുള്ള മുതലമട വില്ലേജിലെ ആട്ടയാമ്പതി എന്ന സ്ഥലത്തിനു ഏറ്റവും അടുത്തുള്ള വനഭൂമി വെള്ളാരം കടവ് മലവാരമാണെന്നും, അവിടെ നിന്നും നിധിൻ ടിമ്പേഴ്സ് (മുൻ ഡയമണ്ട് ടിമ്പേഴ്സ്) എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്കുള്ള ദൂരം 4.5 കിലോമീറ്റർ ആണെന്നും, അഞ്ജലി ടിമ്പേഴ്സ് ( മുൻ അരവന്നൂർ ടിമ്പേഴ്സു) എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്കുള്ള ദൂരം 4.77 കിലോമീറ്റർ ആണെന്നും അന്വേഷണത്തിൽ കണ്ടെത്തിയതായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സോമിൽ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി (The Kerala Forest (Regulation of Sawmills and other Wood-Based Industrial Units) Rules, 2021- ഇൽ നിഷ്കർഷിച്ചിരുന്ന വനാതിർത്തിയിൽ നിന്നും വായുമാർഗ്ഗം എടുക്കേണ്ട കുറഞ്ഞ ദൂരപരിധി (5 കിലോമീറ്റർ )നിശ്ചയിച്ചതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും സംഭവിച്ച പിഴവു മൂലമാണ് ഇപ്രകാരം സംഭവിച്ചത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ രണ്ട് തടിമില്ലുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു എന്നും വായുമാർഗ്ഗമുള്ള ഏറ്റവും കുറഞ്ഞ ദൂരപരിധി നോക്കാതെ GPS Reading തെറ്റിദ്ധരിപ്പിച്ച് എഴുതി ഷിഫ്റ്റിംഗ് ഓർഡർ അനുവദിച്ചു എന്ന ആരോപണം ഭാഗികമായി തെളിയിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | നടപടി സ്വീകരിച്ചു വരുന്നു |
| 35 | 14-6-2025 | മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ഹരിലാൽ,ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.അരവിന്ദാക്ഷൻ കണ്ടോത്തുപാറ,സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. മനോജ് എന്നിവർക്കെതിരെ പ്രോസിക്യൂഷൻ വിചാരണാ അനുമതി തേടിക്കൊണ്ട് ശ്രീ. | മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ഹരിലാൽ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. അരവിന്ദാക്ഷൻ കണ്ടോത്തുപാറ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. മനോജ് എന്നീ മൂന്ന് ഉദ്യോഗസ്ഥർ കേരള വനം വകുപ്പിന് വേണ്ടി അവരിൽ നിക്ഷിപ്തമായ കർത്തവ്യങ്ങളാണ് നിർവഹിച്ചിട്ടുള്ളതെന്നതിനാലും ഇ എഫ് | നടപടി സ്വീകരിച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| | | ഷാജിർ അറഫാത്ത് ഫയൽ അപേക്ഷ (SECTION 197 UNDER CRIMINAL PROCEDURE) – സംബന്ധിച്ച്. | ൽ ആയി പ്രഖ്യാപിക്കപെട്ട സ്ഥലത്ത് മുൻ ഉടമ നടത്തിയ വനം കുറ്റത്തിനെതിരെ കേസെടുത്ത് അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചതിനാൽ ഇവർ ക്കെതിരെ പ്രോസിക്യൂഷന് അനുമതി നൽകേണ്ടതില്ലെന്നും ശിപാർശ. | |
| 36 | 22.06.2025 | തൃശ്ശൂർ പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ .അരുൺ .വി .എസ് നെതിരെയുള്ള പരാതി സംബന്ധിച്ച്. | ശ്രീ. അരുൺ വി എസ് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷനിൽ ജോലി ചെയ്തുവരുന്ന കാലയളവിൽ ഡ്യൂട്ടിസമയത്ത് സ്ഥിരമായി മദ്യപിച്ചിരുന്നതായും മേലധികാരികളുടെ അനുവാദമില്ലാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുന്നതായും കൂടാതെ ഡിപ്പാർട്ട്മെന്റ് വാഹനം ദുരുപയോഗം ചെയ്തിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട് . | നടപടി സ്വീകരിച്ചു വരുന്നു |
| 37 | 26-07-2025 | സൈലന്റ് വാലി ഡിവിഷനിലെ ഉണർവ്വ് യുവജന കേന്ദ്രം വായനശാലയ്ക്കും മറ്റും പത്രവും ആനുകാലികങ്ങളും വിതരണം ചെയ്തതിന്റെ തുക നൽകുന്നില്ലെന്നാരോപിച്ച് പത്രം ഏജന്റ് ശ്രീ.ജോയ്.ഇ.വി കോഴിക്കോട്, ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) മുൻപാകെ സമർപ്പിച്ച പരാതി | സൈലന്റ് വാലി റെയ്ഞ്ചിലെ ബിൽ തുകകൾ പത്ര ഏജന്റിനു നൽ കുന്നതിൽ വലിയ കാലതാമസം വന്നിട്ടുണ്ട് എന്നത് അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുള്ളതാണ്. | തുടർ നടപടി സ്വീകരിച്ചു വരുന്നു |
| 38 | 31-07-2025 | 2018-ൽ പാലക്കാട് ജില്ലയിലെ അനങ്ങൻമല കത്തിയതുമായി ബന്ധപ്പെട്ട് അനങ്ങനടി പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ഒ.എ.ബാബുവിനെ അകാരണമായി പ്രതി ചേർത്തുവെന്ന പരാതി – സംബന്ധിച്ച്. | 2018-ൽ പാലക്കാട് ജില്ലയിലെ അനങ്ങൻമല കത്തിയതുമായി ബന്ധപ്പെട്ട് അനങ്ങനടി പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ഒ.എ.ബാബുവിനെ അകാരണമായി പ്രതി ചേർത്തതിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ട് . | നടപടികൾ സ്വീകരിച്ചു വരുന്നു |
| 39 | 16.08.2025 | പട്ടിക്കാട് റെയിഞ്ചിലെ താൽക്കാലിക വാച്ചറായ ശ്രീ.ജിബി ജോണിനെതിരെയുള്ള പരാതി | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) 30.09.2019 ലെ ഉത്തരവിനെ തുടർന്ന് ജോലിയിൽ നിന്നും 2019 ൽ പിരിച്ചുവിട്ട വാണിയമ്പാറ ഫോറസ്റ്റ് സ്റ്റേഷനിലെ താല്ക്കാലിക ഡ്രൈവറായിരുന്ന ശ്രീ. ജിബി ജോണിനെ മേലധികാരികളുടെ യാതൊരുവിധ അനുമതിയോ ഉത്തരവുകളോ ഇല്ലാതെ, മേൽ ഉത്തരവിനെപറ്റി അറിവുണ്ടായിരുന്ന അന്നത്തെ വാണിയമ്പാറ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.സി.ഒ.സെബാസ്റ്റ്യൻ 2020- ൽ വീണ്ടും വാച്ചറായി ജോലി നൽകിയത് ഗുരുതരമായ അച്ചടക്ക ലംഘനവും, | നടപടികൾ സ്വീകരിച്ചു വരുന്നു |

| | | | | |
|---|---|---|---|---|
| | | | ധിക്കാരവും, മേലധികാരികളോടുള്ള അവഹേളനമാണെന്നും കണ്ടെത്തിയിട്ടുണ്ട്. | |
| 40 | 08-09-2025 | പാലരുവി ഇക്കോ ടൂറിസത്തിന്റെ ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ.അനിൽ ആന്റണിയ്ക്ക് എതിരെയുള്ള പരാതി | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ അനിൽ ആന്റണിയ്ക്ക് മനപ്പൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചതായി കണ്ടെത്തി | നടപടികൾ സ്വീകരിച്ചു വരുന്നു |
| 41 | 09.09.2025 | Disciplinary Action against Shri. Shinoj K S RFO-reg | അടിമാലി ഫോറസ്റ്റ് റെയ്ഞ്ചിലെ മച്ചിപ്ലാവ് സ്റ്റേഷൻ പരിധിയിലെ ഉന്നതികളിലെ അനധികൃത മരം മുറി തടയുന്നതിൽ മച്ചിപ്ലാവ് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്തും,സ്റ്റേഷൻ സ്റ്റാഫുകളുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടുള്ളതാണ്. | അച്ചടക്ക നടപടികൾ തുടർന്നു വരുന്നു |
| 42 | 09-09-2025 | നെന്മാറ ഡിവിഷണൽ ഓഫീസിലെ ജീവനക്കാർക്ക് എതിരെയുള്ള പരാതി - സംബന്ധിച്ചു. | 1. ശ്രീമതി . റിമ. എസ്. പെൻ7 ടട 5832, യു.ഡി. ടൈപ്പിസ്റ്റ്, നെൻമാറ വനം ഡിവിഷൻ - 2023 നവംബർ 16 മുതൽ 2023 ഡിസംബർ 15 വരെ പഞ്ചിംഗിൽ (in & out) അനുവദിച്ച 300 മിനിറ്റ് ഗ്രേസ് പിരീഡിൽ കൂടുതൽ സമയം അധികരിച്ചതായി കണ്ടെത്തി. എന്നാൽ ആയത് നിവർത്തിക്കുന്നതിനുള്ള അവധി അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല.<br>2. ശ്രീ സജീഷ് എ. പെൻ 723701, സിനിയർ ക്ലർക്ക്, നെൻമാറ വനം ഡിവിഷൻ, 12.10.2023 ന് 13.35 PM നാണ് പഞ്ച് ഓട്ട് ചെയ്തിരിക്കുന്നത്. എന്നാൽ അറ്റൻഡൻസ് രജിസ്റ്ററിൽ ടിയാൻ രണ്ടു നേരവും ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്. .<br>3. ശ്രീ.മലാന മൻസൂർ എ. പെൻ: 739388 ഓഫീസ് അറ്റൻഡൻറ്. നെൻമാറ വനം ഡിവിഷൻ 02.12.2023 ന് 13.00 PM പഞ്ച് ഓട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അറ്റൻഡൻസ് രജിസ്റ്ററിൽ രണ്ട് നേരവും ഹാജർ രേഖപ്പേടുത്തിയിട്ടുണ്ട്.<br>4. ശ്രീ. അമാനുള്ള എ. പെൻ. 163363, ക്ലർക്ക്, നെൻമാറ വനം ഡിവിഷൻ. 18.07.2024 നും 25.07.2024 നും അറ്റൻഡൻസ് പഞ്ച് (in & out) ചെയ്തിട്ടില്ല. എന്നാൽ അറ്റൻഡൻസ് രജിസ്റ്ററിൽ രണ്ടു നേരവും ഹാജർ രേഖപ്പെടുത്തിയതായി കാണുന്നുണ്ട്.<br>5. ശ്രീ. മനോജ് മാത്യു. പെൻ-162193, ഹെഡ് അക്കൗണ്ടൻറ്. നെൻമാറ വനം ഡിവിഷൻ. 03.10.2023 ന് 13.15 PM ന് പഞ്ച് ഓട്ട് ചെയ്ത സമയമായി കാണുന്നു. എന്നാൽ ടിയാൻ അറ്റൻഡൻസ് രജിസ്റ്ററിൽ രണ്ട് നേരവും ഹാജർ രേഖപ്പെടുത്തിയിട്ടുള്ളതായും | നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് |

| | | | | |
|---|---|---|---|---|
| | | | കാണുന്നു. കൂടാതെ 07.10.2023 ന് 14.26 PM ടിയാൻ പഞ്ച് ഓട്ട് ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. അന്നേ ദിവസം ടിയാൻ അറ്റൻഡൻസ് രജിസ്റ്ററിൽ രണ്ടു നേരവും അറ്റൻഡൻസ് രേഖപ്പെടുത്തിയതായി കാണുന്നു.<br>6. (ശ്രീമതി ജിഷ എബ്രഹാം, പെൻ-162248, നെൻമാറ ഡിവിഷനിലെ മുൻ സീനിയർ സൂപ്രണ്ട് . ജീവനക്കാരുടെ പഞ്ചിംഗ് അറ്റൻഡൻസ് വിവരങ്ങൾ യഥാസമയം പരിശോധിച്ച് കൃത്യമാണോ എന്ന് ഉറപ്പ് വരുത്തിയില്ല.<br>7. (ശ്രീ. നസീർ. എസ്, പെൻ-162129, സീനിയർ സൂപ്രണ്ട്, നെൻമാറ വനം ഡിവിഷൻ . ജീവനക്കാരുടെ പഞ്ചിംഗ് അറ്റൻഡൻസ് വിവരങ്ങൾ യഥാസമയം പരിശോധിച്ച് കൃത്യമാണോ എന്ന് ഉറപ്പ് വരുത്തിയില്ല. മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി യുക്തമായ അച്ചടക്ക നടപടി സ്വീകരിക്കുവാൻ CCF(EC),Palakkad നോട് ശുപാർശ ചെയ്തിട്ടുണ്ട്. | |
| 43 | 01-10-2025 | തൃശ്ശൂർ ജില്ലയിലെ ചാലക്കുടി വനം ഡിവിഷൻ - കൊച്ചിൻ മലബാർ എസ്റ്റേറ്റ് കേസ് - ഹൈക്കോടതി വിധി അട്ടിമറിക്കുന്നതുമായി ബന്ധപെട്ടു ശ്രീ.മുകുന്ദൻ .കെ ആർ സമർപ്പിച്ച പരാതി - സംബന്ധിച്ച്. | പീച്ചി വൈൽഡ് ലൈഫ് വാർഡന്റെ മേൽ പ്രവർത്തി സദുദ്ദേശ പരമായിരുന്നുവെന്നും എന്നാൽ പാട്ട ഭൂമിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളിൽ വേണ്ടത്ര ജാഗ്രത ഉണ്ടായിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട് | നടപടി സ്വീകരിച്ചു വരുന്നു |
| 44 | 23-4-2021 | സൗത്ത് വയനാട് ഡിവിഷൻ കൽപ്പറ്റ റെയിഞ്ചിലെ സുഗന്ധഗിരിമരം മുറിയുമായി ബന്ധപ്പെട്ട് ശ്രീമതി.നീതു.കെ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ അച്ചടക്കനടപടി - സംബന്ധിച്ച്. | റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്ത് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ട് | കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| 45 | 19-4-2025 | അഡ്വക്കേറ്റ് അർമുഖം സിഎംഒ പോർട്ടലിൽ നൽകിയ പരാതി | വനം വിജിലൻസ് പാലോട് റേഞ്ചിലെ ജണ്ട നിർമ്മാണത്തിലെ റിപ്പോർട്ട് തയ്യാറാക്കിയത് സാമ്പിൾ പരിശോധനയിലാണ്. അതിനാൽ വിശദമായ പരിശോധന നടത്തി നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട കൺസർവേറ്റർ മാർക്ക് നിർദേശം നൽകിയിട്ടുണ്ട്. അതിൽ ബന്ധപ്പെട്ട വിഭാഗം റിപ്പോർട്ട് ഭരണവിഭാഗത്തിന് നൽകിയിട്ടുണ്ട്. | നടപടി സ്വീകരിച്ചു വരുന്നു |
| 46 | 02-09-2021 | തെന്മല ഡിവിഷനിലെ ആര്യങ്കാവ് റെയിഞ്ചിലെ ബീറ്റ് | ബിനാമി വാച്ചർമാരുടെ പേരിൽ ശമ്പളം എഴുതി | ഏഴ് പേർക്കെതിരെയുള്ള |

| | | | | |
|---|---|---|---|---|
| | | ഫോറെസ്റ്റ് ഓഫീസർ റോബെർട്ടിനെതിരെ ഇടപ്പാളയം സുരേഷ് നല്കിയ പരാതി- സംബന്ധിച്ച്. | | അച്ചടക്ക നടപടികൾ തീർപ്പാക്കിയിട്ടുണ്ട് മറ്റു പതിമൂന്ന് പേർക്ക് എതിരെ അച്ചടക്ക നടപടികൾ തുടർന്നുവരുന്നു |
| 47 | 20-3-2025 | സന്ധ്യ എന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കെതിരെ കൊല്ലം ജില്ലയിലെ ഒരു കൂട്ടം വനപാലകർ എന്ന പേരിൽ വന്ന പരാതി | പരാതി തെളിയിക്കപ്പെട്ടിട്ടില്ല | നടപടി സ്വീകരിച്ചു വരുന്നു |
| 48 | 04-05-2025 | ആര്യങ്കാവ് റെയിഞ്ചിലെ 1960 രാജാകൂപ്പ് തേക്ക് ഫെല്ലിങ് ജോലികളിലെ അപാകത | സി എഫ് കൊല്ലത്തിൽ നിന്നും റിപ്പോർട്ട് ലഭിക്കാനുണ്ട് | സർക്കാർ നഷ്ടം തിട്ടപ്പെടുത്തുന്നതുൾപ്പെടെ നടപടി സ്വീകരിച്ചു വരുന്നു |
| 49 | 16-03-2022 | കുളത്തുപ്പുഴ സെൻട്രൽ നേഴ്സറിയിൽ റൂട്ട് ട്രെയിനർ തേക്ക് തൈകൾ തയ്യാറാക്കുന്നതിലും വിതരണം ചെയ്യുന്നതിലും കാലതാമസം നേരിട്ടത് സമബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ടിൽ താങ്കളുടെ ശുപാർശ സമർപ്പിക്കുന്നത് - സംബന്ധിച്ച്. | റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്ത് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ട് | അച്ചടക്ക നടപടി തുടർന്ന് വരുന്നു |
| 50 | 21-11-2022 | Complaint against Sri M.S Venugopal Central Nursery | ശ്രീ എം എസ് വേണുഗോപാൽ SFO, seedling supply രസീതുകളിൽ ഒപ്പ് വാങ്ങി സൂക്ഷിക്കുന്നതിൽ വീഴ്ച്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. | നടപടി സ്വീകരിച്ചു വരുന്നു |
| 51 | 22-12-2022 | തെന്മല ഡിവിഷനിലെ വനപാലകർ സന്ദീപ് എന്നയാളെ മർദ്ദിച്ചത്- സംബന്ധിച്ച് (A2-96/2022) | ആര്യങ്കാവ് റെയിഞ്ചിലെ കടമാൻ പാറ ഫോറസ്റ്റ് സ്റ്റേഷന് സമീപം 18.11.2022-ന് വൈകുന്നേരം 5.30 മണിക്ക് സന്ദീപ് എന്നയാളെ വനം വകുപ്പ് ഉദ്യോഗസ്ഥർ മർദ്ദിച്ചുവെന്നു പറയപ്പെടുന്ന സംഭവത്തിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.ജിൽസന്റെ ഭാഗത്തുനിന്നും ജാഗ്രതാകുറവ് സംഭവിച്ചു | ചന്ദന സംരക്ഷണം അടക്കമുള്ള അതികഠിനമായ ജോലികൾ ചെയ്യുന്ന കടമാൻ പാറപോലുള്ള ഫോറസ്റ്റ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് മനപൂർവ്വമോ കരുതിക്കൂട്ടിയോ വീഴ്ച സംഭവിച്ചിട്ടില്ലായെന്നും ശ്രീ.ജിൽസൻറെ മുൻകാല പ്രവൃത്തികളും മറ്റും വിശദമായി പരിശോധിച്ചതിലും ടിയാൻ മനപൂർവ്വം ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കാറില്ലെന്നും ടിയാൻ വനം കൈയ്യേറ്റത്തിനോ |

| | | | | |
|---|---|---|---|---|
| | | | | മറ്റ് അനധികൃത പ്രവൃത്തികൾക്കോ കൂട്ട് നിൽക്കുന്ന ആൾ അല്ലെന്നും തന്നിൽ അർപ്പിതമായ കർത്തവ്യങ്ങളിൽ നിതി പുലർത്തുന്ന ഉദ്യോഗസ്ഥനാണെന്നും ബോധ്യപ്പെട്ിട്ടുണ്ടെന്നും ടിയാൻറെ സമയോചിതമായ ഇടപെടലും അർപ്പണ മനോഭാവവും കണക്കിലെടുത്ത് ടിയാന് പ്രശംസാപത്രം മുൻപിനാലെ നൽകിയിട്ടുള്ളതുമാണ് എന്നും ശ്രീ. ജിൽസന്റെ ഭാഗത്തു നിന്നും മനഃപൂർവ്്യമായ വീഴച്ചകളോ ജാഗ്രതക്കുറവോ ഉണ്ടായിട്ടില്ലാത്തതിനാൽ ടിയാന്റെ പേരിൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നത് അനുചിതവും ഉദ്യോഗസ്ഥരുടെ മനോവീര്യം കെടുത്തുന്നതാണെന്ന തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അഭിപ്രായം വിലയിരുത്തി കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അഭിപ്രായം പരിഗണിച്ച് ശ്രീ.എ.ജിൽസൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി ഒഴിവാക്കി |
| 52 | 09-09-2025 | കോട്ടയം ഡിവിഷനിലെ ശ്രീമതി ഉഷസ് എന്നയാളെ അനധികൃതമായി നിയമിച്ചു എന്ന് ആരോപിച്ച് വാൾട്ടർ പി | ശ്രീമതി.ഉഷസ്സ്.കെ.കെ എന്നയാളുടെ എഫ്.ഡി.എ അസ്സിസ്റ്റൻറ്റായുള്ള താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിലുള്ള | വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ വനം വിജിലൻസ് |

| | | | | |
|---|---|---|---|---|
| | | ബോണിഫസ് സമർപ്പിച്ച പരാതി -സംബന്ധിച്ച്. | സേവനം നഗരംപാറ- അയ്യപ്പൻ കോവിൽ എഫ്.ഡി.എ-യുടെ ജനറൽ ബോഡി മീറ്റിംഗ് തീരുമാന പ്രകാരമായതിനാലും ടി പ്രവർത്തികളിൽ വ്യക്തിപരമായതോ സ്വാർത്ഥപരമായതോ ആയ താൽപര്യങ്ങൾ കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ല.ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല | വിഭാഗത്തോട് ആവശ്യപ്പെട്ടിരിക്കുന്നു. |
| 53 | 15-04-2024 | മാനിനെ കൊന്ന് കറിവെച്ച സംഭവം - അന്വേഷണം അട്ടിമറിക്കാൻ നീക്കം എന്ന പത്രവാർത്ത - സംബന്ധിച്ച്. FWLD-A2/67/2022-F&WLD | പച്ചമല സെക്ഷൻ പരിധിയിൽ വരുന്ന തൊളിക്കോട് പഞ്ചായത്തിലെ ഉഴമലയ്ക്കൽ വില്ലേജിൽപ്പെട്ട ശ്രീ അജേഷ് എന്നയാളുടെ സ്വകാര്യ സ്ഥലത്ത് പട്ടികളുടെ ആക്രമത്തിൽ പരുക്കേറ്റ് മരണപ്പെട്ട കേഴമാനിന്റെ ജഡം വന്യജീവി സംരക്ഷണ നിയമ പ്രകാരം ഷെഡ്യൂൾ II-യിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വന്യമൃഗത്തിന്റെ കാര്യത്തിൽ ചെയ്യേണ്ട നടപടി ക്രമങ്ങൾ പാലിക്കാതെ സ്ഥലത്ത് നിന്നും നീക്കം ചെയ്തതിൽ വീഴ്ചവരുത്തി. | അച്ചടക്ക നടപടി തുടർന്ന് വരുന്നു |
| 54 | 27-06-2025 | കോതമംഗലം ഡിവിഷനിലെ തൊടുപുഴ റെയ്ഞ്ചിൽ ബുക്ക് ചെയ്ത OR - 36/2002 കേസ് - ശ്രീ. ടോമി മത്തായിയെ കസ്റ്റഡിയിലിരിക്കെ മർദ്ധിച്ചതിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നൽകിയ പരാതി - അന്വേഷണം നടത്തുന്നത് A2/11/2025/F&WLD | ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല | ശ്രീ. ടോമി മത്തായിയെ കസ്റ്റഡിയിലിരിക്കെ മർദ്ധിച്ചതിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നൽകിയ പരാതിലെ വിധിയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ജീവനക്കാർക്ക് കാരണംകാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടിസ്വീകരിച്ച് വരുന്നു. |
| 55 | 18-09-2025 | അതിരപ്പള്ളി റെയിഞ്ചിലെ 1960 വാടമുറി തേക്കുതോട്ടത്തിൽ നിന്ന് 2 മരങ്ങൾ അനധികൃതമായി മുറിച്ചത് - സംബന്ധിച്ച്-G Prasad ACF | ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല | അച്ചടക്ക നടപടി തീർപ്പാക്കി |
| 56 | 12-05-2021 | തൃശ്ശൂർ ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ച് ഓഫീസറുടെ കൃത്യനിർവ്വഹണത്തിലെ വീഴ്ച - സംബന്ധിച്ച് | കൃത്യനിർവ്വഹണത്തിലെ വീഴ്ച | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി നടപടികൾ തുടർന്ന് വരുന്നു. |
| 57 | 16-09-2022 | പട്ടിക്കാട് റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.അഖിൽ ബാബുവിനും, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ | മേലധികാരിയുടെ അനുമതിയില്ലാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടു നിന്നു | അച്ചടക്ക നടപടി തീർപ്പാക്കി. |

| | | | | |
|---|---|---|---|---|
| | | ശ്രീ.വി.എസ്.അരുണിനും എതിരെ ശ്രീ.വിനയരാജൻ സമർപ്പിച്ച പരാതി-സംബന്ധിച്ച് | | |
| 58 | 15-09-2022 | തൃശ്ശൂർ ജില്ലയിൽ ഒലക്കര ആദിവാസി കോളനിയിലെ അന്തേവാസികൾ സമർപ്പിച്ച പരാതി -സംബന്ധിച്ച് FWLD-A1/158/2024-FWLD | പരാതിയുമായി ബന്ധപ്പെട്ട വിവിധ ആരോപണങ്ങളിൽ വിശദമായി അന്വേഷണം നടത്തിയതിലും, ആരോപണങ്ങളിൽ പറയുന്ന വിഷയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും, പരാതിയിലെ ആരോപണങ്ങളിൽ അടിസ്ഥാനമില്ലെന്നും, പരാതി നൽകിയിട്ടുള്ള സംഘടന നിലവിലില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. | നടപടി സ്വീകരിച്ച് വരുന്നു. |
| 59 | 05-03-2025 | Operation Jungle safari – Thrissur | വരുമാനം കൃത്യസമയത്തിന് ട്രഷറിയിൽ അടക്കാത്തത് | കുറ്റാരോപിതരെ സ്ഥലം മാറ്റിയിട്ടുള്ളതാണ് വനം വിജിലൻസ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അച്ചടക്ക നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട് |
| 60 | 12-11-2024 | Sajan, Malayalan Colony, Randukai P.O ,Chaipankuzhi എന്നയാൾ സമർപ്പിച്ച പരാതി -സംബന്ധിച്ച് | വയർലസ് സെറ്റ് അനധികൃതമായി ഉപയോഗിച്ചത് | അച്ചടക്ക നടപടി അവസാനിപ്പിച്ചു |
| 61 | 11-06-2024 | പരിയാരം റേഞ്ച് കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ വിനയരാജ്,ശ്രീ ശ്രീകാന്ത് എന്നിവർ മാസങ്ങളായി സ്റ്റേഷനിൽ വരുന്നില്ല എന്ന പരാതി-സംബന്ധിച്ച് | ഓഫീസിൽ കൃത്യമായി വരുന്നില്ല | കർശന താക്കീത് നൽകി നടപടി അവസാനിപ്പിച്ചു |
| 62 | 16-02-2024 | പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ സുധീഷ് കുമാറിനെതിരായ പരാതി | കൈക്കൂലി വാങ്ങിയതായി കണ്ടെത്തി. | അച്ചടക്ക നടപടികൾ തുടർന്നു വരുന്നു |
| 63 | 19-09-2022 | Irregulatiries in construction of Janda in Palode Range | ജണ്ട നിർമ്മാണത്തിൽ വീഴ്ച കണ്ടെത്തി | സർക്കാർതലത്തിൽ കുറ്റപത്രം കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു |
| 64 | 01-02-2022 | Illicit Felling of Trees from Patta Land of Kulathupuzh –Petition against Sri Selvaraj RFO-CMO 210804918 | പട്ടയ ഭൂമിയിലെ മരം മുറിക്ക് NOC നൽകി | മെമ്മോ നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു |
| 65 | 31-12-2021 | Kulathupuzha Thekkumala Section Irregularities | യഥാസമയം കുറ്റകൃത്യം കണ്ടെത്തുന്നതിൽ വീഴ്ചവരുത്തി | അച്ചടക്ക നടപടി തീർപ്പാക്കി |
| 66 | 27-11-2023 | Submission by Sri.R.Vinod RFO | ചാർജ് ലിസ്റ്റ് പ്രകാരമുള്ള തൊണ്ടികൾ ഉണ്ടോയെന്ന് | സമർപ്പിച്ച റിപ്പോർട്ട് വ്യക്തത വരുത്തി |

| | | | | |
|---|---|---|---|---|
| | | | ഉറപ്പവരുത്തുന്നതിൽ വീഴ്ച വരുത്തി | നൽകാൻ വനം വിജിലൻസിനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| 67 | 06-12-2023 | OR 01/2021 OF PALODE RANGE | മഹസർ തയ്യാറാക്കുമ്പോഴും, തെളിവെടുപ്പ് സമയത്തും റെയിഞ്ച് ഓഫീസറുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായി | കുറ്റപത്രം കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ച വരുന്നു |
| 68 | 24-09-25 | പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്ത് ഇരുമ്പൻചോല ഭാഗത്ത് ചെട്ടിക്കുന്നിന് സമീപം അബ്ബാസ് എന്നയാൾ വനമേഖലയിൽ തീയിട്ടത് - സംബന്ധിച്ച്. | കുറ്റകൃത്യം കണ്ടെത്തുന്നതിൽ വീഴ്ച | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി |
| 69 | 06-06-2025 | തടി മില്ല് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു- (B3/61/2024/FWLD) | വായു മാർഗ്ഗം കുറഞ്ഞ ദൂരപരിധി നിശ്ചയിച്ചതിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിനെ മാത്രം ആശ്രയിച്ച് ഉത്തരവ് നൽകിയതിൽ പിഴവ് സംഭവിച്ചു | റിപ്പോർട്ടിൽ വ്യക്തത വരുത്താൻ വനം വിജിലൻസിനോട് ആവശ്യപ്പെട്ടു |
| 70 | 24-03-2025 | ഹിമാലയൻ തേർഡ് ഐ ട്രസ്റ്റ് എന്ന പേരിലുള്ള സ്ഥാപനം നടത്തിയ സാമ്പത്തിക തട്ടിപ്പ് കേസ്സിൽ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോ എന്ന അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് | ശ്രീ.അഷ്റഫ് ബാവയുടെ ഹിമാലയൻ മിസ്റ്ററിക് തേർഡ് ഐ. എന്ന ട്രെസ്റ്റിൽ മെമ്പർ ആകുകവഴി അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ (ഹയർ ഗ്രേഡ്) ശ്രീ.സനിൽ ഐ.പി. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തി. | അച്ചടക്ക നടപടികൾ തുടർന്നു വരുന്നു |
| 71 | 04-12-2023 | വാളറ ഫോറസ്റ്റ് സ്റ്റേഷനിൽ 11 ഫയർ വാച്ചർമാർ ജോലി ചെയ്യുന്നതിൽ 26 പേർക്ക് മസ്റ്റർ റോൾ എഴുതുന്നു എന്ന പരാതി -സംബന്ധിച്ച് | നിയോഗിക്കപ്പെട്ട ഫയർ വാച്ചർമാർ ജോലിയിൽ ഉണ്ടെന്ന് ഉറപ്പവരുത്തുന്നതിൽ വീഴ്ചവരുത്തി | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |
| 72 | 11-07-2023 | ദേവികുളം റെയ്ഞ്ചിലെ കെ.എൽ 06 സി 7268 നമ്പർ ജീപ്പിൻെറ പാർട്ട്സുകൾ ഊരി കെ.എൽ 17 ബി 8632 നമ്പർ ജീപ്പിലേക്ക് മാറ്റി ബില്ലുകൾ മാറിയെടുത്തു എന്ന പരാതി- സംബന്ധിച്ച് | സർക്കാർ ജീപ്പിന്റെ ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് കണ്ടെത്തി അതിനുള്ള സർക്കാറിന്റെ നഷ്ടം ഈടാക്കാൻ ഭരണവിഭാഗത്തിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |
| 73 | 06-04-2023 | പേര് വെളിപ്പെടുത്താതെ ഒരാൾ നൽകിയ പരാതി- നേര്യമംഗലം റേഞ്ചിലെ വാളറ സ്റ്റേഷനിൽ മുരളി, ബിജോയ് എന്നീ BFO മാർ കാട്ടമ്പലം ഭാഗത്തു വീണു കിടന്ന തമ്പക മരം മുറിച്ചു | OR 2/2019, 3/2019 വന കുറ്റം യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തി | മെമ്മോ നൽകി നടപടി സ്വീകരിച്ചു വരുന്നു |
| 74 | 27-09-2023 | നേര്യമംഗലം ഫോറസ്റ്റ് റെയിഞ്ചിനു കീഴിലെ വാളറ ഫോറസ്റ്റ് ഓഫീസിൻെറ പരിധിയിൽ വരുന്ന പഴംപള്ളിച്ചാലിലെ കൈവശ ഭൂമിയിൽ നിന്നും വനം വകുപ്പിൻെറ ഒത്താശയോടെ | വന കുറ്റം യഥാസമയം കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചു | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |

| | | | | |
|---|---|---|---|---|
| | | വൻതോതിൽ മരം മുറിച്ച് കടത്തിയെന്നുള്ള ആരോപണം – സംബന്ധിച്ച്. | | |
| 75 | 23–05–2023 | ഇടുക്കി ജില്ലയിലെ വെള്ളുവൽ വില്ലേജിലെ കൈവശ ഭൂമിയിൽ നിന്നും വ്യാപകമായി ഈട്ടി തേക്ക് എന്നീ മരങ്ങൾ മുറിച്ച് മാറ്റുന്നു എന്ന പരാതി – സംബന്ധിച്ച്. | NOC നൽകുന്നതിന് മുമ്പ് മരങ്ങൾ സർക്കാരിന്റെ വകയാണോ എന്ന് പരിശോധന നടത്തിയതിൽ വീഴ്ച സംഭവിച്ചു | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |
| 76 | 16–10–2023 | ദേവികുളം ഡിവിഷനോഫീസിൽ വിവിധ തരത്തിലുള്ള അഴിമതികൾ നടത്തുന്നു എന്ന പരാതി –സംബന്ധിച്ച്. | 2018 മുതൽ സർക്കാർ പഴയ വാഹനങ്ങൾ MSTC മുഖാന്തരമാണ് ലേലം ചെയ്യാറുള്ളത്. എന്നാൽ 2019 ൽ അതല്ലാതെ ലേലം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. | വനം ആസ്ഥാനത്ത് നടപടി സ്വീകരിച്ച് വരുന്നു. |
| 77 | 18–12–2024 | നവകേരള സദസ്സിനെ ആക്ഷേപിച്ച് സോഷ്യൽ മീഡിയയിൽ ശ്രീ.സക്കീർ ഹുസൈൻ എന്ന വനംവകുപ്പുദ്യോഗസ്ഥൻ പോസ്റ്റിട്ടത് – സംബന്ധിച്ച്. | സർക്കാർ നയങ്ങളെ പൊതു മാധ്യമങ്ങളിൽ വിമർശിച്ചു | സർക്കിൾ ഡിവിഷൻ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു |
| 78 | 29–10–2024 | VIP Petition ആറളം വന്യജീവി സങ്കേതത്തിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷൻ പരിതിയിൽപ്പെട്ട വന്യജീവി സങ്കേതത്തിൽ നിന്നും അനധികൃതമായി മരം മുറിച്ചത് – സംബന്ധിച്ച്. | ആന മതിൽ നിർമ്മിക്കുന്നതിന് വേണ്ടി ആവശ്യമില്ലാത്ത മരങ്ങൾ മുറിച്ചു | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |
| 79 | 27–03–2025 | Petition against Sri. G.Prasad, Working Plan Officer, Munnar – Reg | സർക്കാർ വാഹനം ദുരുപയോഗം ചെയ്തു എന്ന പരാതി തെളിയിക്കപ്പെട്ടിട്ടില്ല എന്ന് ഭരണവിഭാഗത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ട് | ടിയാൻ കുറ്റക്കാരനല്ലെന്ന് കണ്ട് അച്ചടക്ക നടപടി അവസാനിപ്പിച്ചു |
| 80 | 31–05–2022 | പെരിയാർ ഈസ്റ്റ് ഡിവിഷനിലെ വള്ളക്കടവ് റെയ്ഞ്ചിലെ പൊൻനഗർ ഇ.ഡി.സി ക്ക് ഫയർലൈൻ ജോലികൾ നൽകി വള്ളക്കടവ് റെയ്ഞ്ച് ഓഫീസർ ഉൾപ്പെടെയുള്ളവർ ജോലി ചെയ്തതിൻെറ തുക നൽകാതിരിക്കുകയും കൈക്കൂലി വാങ്ങുകയും ചെയ്തു എന്ന പരാതി – സംബദ്ധിച്ച് (FWLD-A2/25/2023-FWLD) | കൺട്രോൾ ബർണിങ് നടത്തിയ സ്ഥലത്ത് ഫയർ ലൈൻ എടുത്തതായി രേഖകൾ ഉണ്ടാക്കി ക്ലെയിം ചെയ്തത് വഴി സർക്കാരിന് Rs. 60,712/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും നിർദിഷ്ട അളവുകളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ എടുക്കുകയും യഥാസമയം പരിശോധനകൾ നടത്താതെയും ബിൽ തയാറാക്കി സമർപ്പിച്ച ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം വാങ്ങാനും ബന്ധപ്പെട്ട കരാറുകാരിക്കെതിരെ നടപടി എടുക്കാനും ഭരണ വിഭാഗത്തിന് ശുപാർശ ചെയ്തിരുന്നു. | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |
| 81 | 22–03–2025 | ബഹു.വനം വന്യജീവി വകുപ്പ് മന്ത്രി മുമ്പാകെ സുൽത്താൻ ബത്തേരി താലൂക്കിലെ വള്ളുവാടി പ്രദേശവാസികൾ ശ്രീ. സുമേഷിനെതിരെ ബോധിപ്പിച്ച പരാതി – | തകർന്ന പ്രതിരോധ മാർഗങ്ങളുടെ പുനർനിർമ്മാണം കൃത്യമായും സമയബന്ധിതമായും നടത്താത്തതിനാലാണ് ഈ പ്രദേശത്ത് വന്യമൃഗ ശല്യം കൂടുന്നതിന് കാരണമായിട്ടുള്ളതെന്നും, എന്നാൽ | ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടില്ല |

| | | | | |
|---|---|---|---|---|
| | | സംബന്ധിച്ച് | ആരോപണത്തിൽ പറയും പ്രകാരം സ്റ്റാഫുകൾ പ്രദേശവാസികളോട് മോശമായി പെരുമാറി എന്നതിനുള്ള തെളിവുകൾ ഒന്നും അന്വേഷണ വേളയിൽ ലഭ്യമായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | |
| 82 | 19-12-2023 | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എൻ രൂപേഷ് തോൽപ്പെട്ടി റെയിഞ്ചിലെ ദൊഡ്ഡാടി എ.പി.സി.യിൽ സുഹൃത്തുക്കളുമായി വന്ന് പ്രശ്നങ്ങൾ സൃഷ്ടിച്ചത് - അച്ചടക്ക നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച് | സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്തത് -അച്ചടക്ക ലംഘനം | കുറ്റപത്രം കുറ്റാരോപണ പത്രിക നൽകി അച്ചടക്കനടപടികൾ തുടർന്നു വരുന്നു |
| 83 | 05-10-2021 | പെരിയാർ ഈസ്റ്റ് ഡിവിഷനിലെ വള്ളക്കടവ് റെയ്ഞ്ചിന് കീഴിലുള്ള വഞ്ചിവയൽ ഭാഗത്തുവച്ച് FIC യിൽ ജോലി ചെയ്ത് വരുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.സുജിത്തിന് മർദ്ദനമേറ്റത് - സംബന്ധിച്ച്. | പോലീസ് വിഭാഗത്തിൽ കേസ് നൽകി ആയത് തുടർന്നുവരുന്നുണ്ട് | കുറ്റപത്രം കുറ്റാരോപണ പത്രിക നൽകി അച്ചടക്കനടപടികൾ തുടർന്നു വരുന്നു |

**<u>അനുബന്ധം</u>**

| ക്രമ നം. | റിപ്പോർട്ട് തീയതി | വിഷയം | പ്രസ്തുത റിപ്പോർട്ടുകളിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ | സ്വീകരിച്ച നടപടി വിവരം |
|---|---|---|---|---|
| 1 | 30-9-2019 | ഇടുക്കി ജില്ലയിലെ കമ്പി ലൈനിൽ അനധികൃത മരംമുറി- സംബന്ധിച്ച് | തെറ്റായ നടപടിക്രമങ്ങൾ സ്വീകരിച്ച് മരങ്ങൾ മുറിക്കാൻ അനുമതി നൽകി | 'ശാസന (censure)' എന്ന ശിക്ഷ നൽകി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവായിട്ടുണ്ട്. |
| 2 | 26.04.2021 | ചാലക്കുടി ഡിവിഷന്റെ മൊബൈൽ പാർട്ടി ഓഫീസിൽ ഒഴിവുണ്ടായിരുന്ന ഡ്രൈവർ തസ്തികയിലേക്ക് വാഴച്ചാൽ ഡി എഫ് ഒ യുടെ ഡ്രൈവറായി വിരമിച്ച ഗഫൂർ എന്ന വ്യക്തിയെ താത്കാലിക ഡ്രൈവറായി വീണ്ടും നിയമിച്ചു എന്ന പരാതി | ദിവസ വേതനടിസ്ഥാനത്തിലോ മറ്റേതെങ്കിലും വിധത്തിലോ വനം വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരെ വനം വകുപ്പിൽ ജോലി ചെയ്യിക്കുന്നത് വിലക്കിക്കൊണ്ടുള്ള ബഹു.ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 07.01.2017 ലെ നിർദ്ദേശം നിലനിൽക്കെ വനം വകുപ്പിൽ നിന്നും വിരമിച്ച ശ്രീ.എ.എസ് ഗഫൂറിനെ താൽക്കാലിക ഡ്രൈവറായി നിയമിച്ച പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നടപടി മേൽ നിർദ്ദേശത്തിന്റെ ലംഘനമാണെന്ന് കണ്ടെത്തി. | ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, റെയിഞ്ച് ഓഫീസർ ശ്രീ T.S മാത്യുവിന് താക്കീത് നൽകിക്കൊണ്ട് നടപടി അവസാനിപ്പിച്ചിട്ടുണ്ട് |
| 3 | 27.04.2021 | ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ വഴി ലഭിച്ച പരാതി CMO-210302314 | അനുവാദമില്ലാതെ മരം മുറിച്ചതിന് നിയമനടപടി സ്വീകരിക്കാതെ അപേക്ഷകന് NOC നൽകിയതിൽ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് വീഴ്ച കാണുന്നുണ്ട്. | ടിയാൻമാരെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കാമെന്ന തൃശ്ശൂർ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശിപാർശയിന്മേൽ വനം വിജിലൻസ് നടപടി സ്വീകരിച്ച് വരുന്നു. |
| 4 | 15.03.2022 | എറണാകുളം ജില്ലയിൽ വെങ്ങോല പഞ്ചായത്തിൽ ബിൽഡിംഗ് നമ്പർ റദ്ദ് ചെയ്ത സ്ഥാപനത്തിന് അനധികൃതമായി ഫോറസ്റ്റ് എൻ ഒ സി നൽകി എന്ന പരാതി | NOC അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ സ്ഥലപരിശോധനകൾ നടത്താതെയും, മുൻപ് നടത്തിയ പരിശോധനാ റിപ്പോർട്ടിൽനിന്ന് വിരുദ്ധമായി പിന്നീട് നൽകിയ രേഖകളിലെ കെട്ടിട നമ്പരിലെ വ്യത്യാസം പരിഗണിക്കാതെയും ടി എറണാകുളം വെങ്ങോല പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാത്തതും, വ്യാജവുമായ കെട്ടിട നമ്പരിൽ പ്രവർത്തിക്കുന്ന സ്ഥാപനം എന്ന നിലയിൽ ലൈസൻസ് നൽകുകയും, ടി രേഖകളിലെ വ്യത്യാസം മേലുദ്യോഗസ്ഥരുടെയും, ആതറൈസ്ഡ് ഓഫീസറുടെയും | അച്ചടക്ക നടപടി തീർപ്പാക്കി. |

| | | | | |
|---|---|---|---|---|
| | | | ശ്രദ്ധയിൽപ്പെടുത്താതെ, അഥവാ മേലുദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിച്ച്, ടി സ്ഥാപനത്തിന് ലൈസൻസ് നൽകുന്നതിന് കാരണക്കാരായി | |
| 5 | 12.01.2023 | സബിത സുലൈമാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് നൽകിയ പരാതി | ശ്രീമതി സബിത സുലൈമാന്റെ 1.3678 ഹെക്ടർ സ്ഥലത്തിന്റെ എൻ ഒ സി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരാതി സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ മുൻ തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷൻ സർവേയർ ആയ ശ്രീ.ജിജോ തോമസ് (2019 വർഷത്തിൽ) ടി സ്ഥലം അളന്ന് പരിശോധിച്ച് തെറ്റായ റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് സംയുക്ത സർവേ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും കണ്ടെത്തി. ഇത്തരത്തിൽ തെറ്റായ റിപ്പോർട്ട് നൽകിയതുമൂലം എൻ.ഒ.സി ലഭിക്കുന്നതിന് കാലതാമസം നേരിടുകയും ടിയാരിക്കെതിരെ ടി വിഷയവുമായി ബന്ധപ്പെട്ട് ഒരു സിവിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതായി കണ്ടെത്തുകയും ആയത് മൂലം ടിയാരിക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. | അച്ചടക്ക നടപടി തീർപ്പാക്കി. |
| 6 | 08.08.2023 | വനം വന്യജീവി വകുപ്പ് മന്ത്രി മുമ്പാകെ ശ്രീ ജയൻ .പി സമർപ്പിച്ചിട്ടുള്ള പരാതി – സംബന്ധിച്ച്. | എളനാട് ഫോറസ്റ്റ് സ്റ്റേഷൻ പുലാക്കോട് സ്റ്റേഷനിൽ മലബാടം ഭാഗത്ത് പട്ടയ ഭൂമിയിൽ നിന്ന് ഒരു വലിയ തേക്കമരം മുറിച്ചത് – തൃശ്ശൂർ ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ചിൽ ലഭിച്ച രഹസ്യ വിവരമനുസരിച്ച് തൃശ്ശൂർ ഫ്ലയിങ് സ്ക്വാഡ് റെയിഞ്ച് സ്റ്റാഫുകളും എളനാട് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകളും 26-4-2016 തീയതി മഹസർ തയ്യാറാക്കി തുടർ അന്വേഷണത്തിനായി എളനാട് ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫിസർക്ക് കൈമാറിയിരുന്നു. എന്നാൽ, അടിസ്ഥാന രേഖകൾ ഒന്നും പരിശോധിക്കാതെയും, പ്രാഥമിക അന്വേഷണം നടത്താതെയും, കേസ് ബുക്ക് ചെയ്യാതെയും, റവന്യൂ അധികാരികൾക്ക് കേസ് കൈമാറുകയോ ചെയ്യാതെയും ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട് | ഭരണവിഭാഗം ഉപമുഖ്യ വനപാലകൻ നടപടി സ്വീകരിച്ച് വരുന്നു. |
| 7 | 11-10-2023 | കണ്ണൂർ ജില്ലയിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി RFO ശ്രീ. പ്രദീപൻ NMR വാച്ചർമാർക്ക് കൊടുക്കാനുള്ള ശമ്പളം സ്വയം എഴുതിയെടുക്കുകയും, | ജോലി ചെയ്യാത്തവരുടെ പേരിൽ മസ്റ്റർ റോൾ എഴുതി | നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. പ്രദീപൻ |

| | | | | |
|---|---|---|---|---|
| | | ആദിവാസികളായ വാച്ചർമാരെ സ്വന്തം വീട്ടിലെ ജോലികൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു എന്ന പരാതി - സംബന്ധിച്ച്. | | കാരായിയെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ മേയ്ക്കപ്പാല ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റി ഉത്തരവായിരുന്നു . എന്നാൽ, ടിയാൻ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും, തുടർന്ന് സ്ഥലംമാറ്റ ഉത്തരവ് സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവായതിനെ ത്തുടർന്ന് ടിയാനെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 8 | 16.11.2023 | മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിൽപ്പെട്ട കണ്ണിമംഗലം ഫോറസ്റ്റ് സ്റ്റേഷന്റെ ബാച്ചിലേഴ്സ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന്റെ ഫൈനൽ ബിൽ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് സിബി .കെ.പി സമർപ്പിച്ച പരാതി - സംബന്ധിച്ച്. | കാലടി റേഞ്ചിലെ കണ്ണിമംഗലം ഫോറസ്റ്റ് സ്റ്റേഷനിലെ ബാച്ചിലേഴ്സ് കോർട്ടേഴ്സിന്റെ നിർമ്മാണ ജോലികൾക്കായി APCCE/5/2015-16/orgl dt 11.09.15 നമ്പറായി 30 ലക്ഷം രൂപയുടെ അടങ്കൽ പാസാക്കി നൽകിയിട്ടുള്ളതും ഗവൺമെന്റ് കോൺട്രാക്ടർ ആയ ശ്രീ.കെ പി സിബി എന്നയാൾ ഇ-ടെൻഡർ മുഖാന്തിരം ടി ജോലികൾ എടുത്ത് 01/01/2016- ലെ 21/2015-16 നമ്പർ എഗ്രിമെന്റ് പ്രകാരം ജോലികൾ നടത്തിയിട്ടുള്ളതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. | കുറ്റാരോപിതർക്ക് മെമ്മോ നൽകി നടപടി തുടർന്ന് വരുന്നു |
| 9 | 02.02.2024 | അങ്കമാലി പോലീസ് പിടികൂടി അതിരപ്പള്ളി റേഞ്ചിലേക്കു കൈമാറിയ ചന്ദനകേസിൽ യഥാസമയം തുടർ നടപടി സ്വീകരിക്കാതിരുന്നത് - സ്റ്റാഫിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | ഏഴാറ്റുമുഖം സ്റ്റേഷനിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.പി.എം.കരീം, ശ്രീ.പി.എം.നിഖിൽ, ശ്രീ.എൻ.വി ഗോപകുമാർ എന്നിവർക്ക് ടി കേസിനെ കുറിച്ച് കൃത്യമായ അറിവുണ്ടായിരുന്നെങ്കിലും ടി കേസ് ഏഴാറ്റുമുഖം സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ട ബാധ്യത ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പോലെ തന്നെ ടിയാന്മാരിലും നിക്ഷിപ്തമാണെങ്കിലും ടി ഉദ്യോഗസ്ഥൻമാരും ഇക്കാര്യത്തിൽ നിഷ്ക്രീയത്വം പാലിച്ചത് അങ്ങേയറ്റം അപലപനീയമാണ്. കൂടാതെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ലീവിലായിരുന്നു സമയത്ത് ശ്രീ.പി.എം.കരീം, ശ്രീ.പി.എം.നിഖിൽ എന്നിവർ സ്റ്റേഷൻ ചാർജ്ജ് ലഭ്യമായ | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി നടപടികൾ തുടർന്ന് വരുന്നു. |

| | | | | |
|---|---|---|---|---|
| | | | സമയത്ത് പോലും ടിയാന്മാർ ടി കേസ് രജിസ്റ്റർ ചെയ്യാൻ തയ്യാറായില്ല എന്നുളളതും കാണേണ്ടതാണ്. കോടതി കാര്യങ്ങൾ നിർവ്വഹിച്ചിരുന്ന സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ഗോപകുമാറും ഗുരുതരമായ വീഴ്ച്ച വരുത്തിയതായി കാണുന്നു. | |
| 10 | 09-04-2024 | കോഴിക്കോട് ജില്ലയിൽ മുക്കം അരീക്കോട് റോഡിൽ സോഷ്യൽ ഫോറസ്റ്ററി വച്ചുപിടിപ്പിച്ച എട്ടു മരങ്ങൾ സ്വകാര്യവ്യക്തിക്ക് പെട്രോൾ പമ്പ് സ്ഥാപിക്കാനായി മുറിച്ച് മാറ്റി എന്ന പരാതി - സംബന്ധിച്ച് | വില്ലേജ് ഓഫീസറുടെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് മരങ്ങൾ മുറിക്കാൻ ഉത്തരവിട്ടു എങ്കിലും ടി ഉത്തരവിൽ ജില്ലാ ഫോറസ്റ്റ് ഓഫീസറുടെ കൂടി അനുവാദം വാങ്ങണമെന്ന് നിർദേശിച്ചിരുന്നു എന്നാൽ വനം വകുപ്പ് ഈ കാര്യത്തിൽ ഒരു പ്രാഥമിക അന്വേഷണം പോലും നടത്താതെ മരം മുറിക്കാൻ അനുവാദം നൽകിയത് സോഷ്യൽ ഫോറസ്റ്ററി വിഭാഗം അസിസ്റ്റന്റ് കൺസേർവേറ്ററുടെ വീഴ്ച യായി കാണാവുന്നതാണ്. | കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാർക്ക് മെമ്മോ നൽകി നടപടി സ്വീകരിച്ച് വരുന്നു. |
| 11 | 30.04.2024 | തൃശ്ശൂർ ഡിവിഷനിലെ പട്ടിക്കാട് റെയിഞ്ചിലെ പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ലോഹിതാഷൻ കീഴ് ജീവനക്കാരെ മാനസികമായി പീഡിപ്പിക്കുന്നു,സ്റ്റേഷനിൽ വരുന്ന പൊതു ജനങ്ങളോടും ക്രൂരമായാണ് പെരുമാറുന്നു എന്നും കൂടാതെ ടി ഉദ്യോഗസ്ഥൻ ഈ സ്റ്റേഷനിലെ സർക്കാർ വാഹനത്തിൽ തന്റെ ഡിവിഷൻ പരിധിയിൽ പെടാത്ത വാഴച്ചാൽ ഡിവിഷനിലെ ആനക്കയം ഭാഗത്ത് ഒരു സ്വകാര്യ പരിപാടിയിൽ പങ്കെടുക്കുവാനായി സർക്കാർ വാഹനം ഉപയോഗിച്ചു എന്നുമുള്ള പരാതി - സംബന്ധിച്ച്. | പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ലോഹിതാക്ഷൻ 18.01.2023 തീയതിയിൽ ഡിപ്പാർട്ട്മെന്റ് വാഹനമായ കെ.എൽ 01 AY 2656 നമ്പർ വാഹനത്തിൽ വാഴച്ചാൽ ആനക്കയം ഭാഗത്തുപോയി ഒരു സ്റ്റാഫിന്റെ റിട്ടയർമെന്റ് പരിപാടിയിൽ പങ്കെടുത്തതായും കൂടാതെ ഡിപ്പാർട്ടമെന്റ് വാഹനത്തിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മകളെ പലപ്പോഴും വെള്ളാനിക്കര കാർഷിക കോളേജിലേക്ക് കൊണ്ടു പോകുകയും തിരിച്ച കൊണ്ടു വരികയും ചെയ്തതായി മൊഴികളിൽ നിന്നും തൃശ്ശൂർ ഫ്ലയിംഗ് സ്ക്വാഡ് റെയ്ഞ്ചിൽ നിന്നും നടത്തിയ രഹസ്യ അന്വേഷണത്തിലും കണ്ടെത്തിയിട്ടുണ്ട്.പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ. ലോഹിതാക്ഷൻ 18.01.2023 തീയതിയിൽ ഡിപ്പാർട്ട്മെന്റ് വാഹനമായ കെ.എൽ 01 AY 2656 നമ്പർ വാഹനത്തിൽ വാഴച്ചാൽ ആനക്കയം ഭാഗത്തുപോയി ഒരു സ്റ്റാഫിന്റെ റിട്ടയർമെന്റ് പരിപാടിയിൽ പങ്കെടുത്തതായും കൂടാതെ ഡിപ്പാർട്ടമെന്റ് വാഹനത്തിൽ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മകളെ പലപ്പോഴും വെള്ളാനിക്കര കാർഷിക കോളേജിലേക്ക് കൊണ്ടു പോകുകയും തിരിച്ച കൊണ്ടു വരികയും ചെയ്തതായി മൊഴികളിൽ നിന്നും തൃശ്ശൂർ ഫ്ലയിംഗ് | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി നടപടികൾ തുടർന്ന് വരുന്നു. |

| | | | | |
|---|---|---|---|---|
| | | | സ്ക്വാഡ് റെയ്ഞ്ചിൽ നിന്നും നടത്തിയ രഹസ്യ അന്വേഷണത്തിലും കണ്ടെത്തിയിട്ടുണ്ട്. | |
| 12 | 03-05-2024 | വയനാട് ജില്ലയിലെ തിരുനെല്ലി സ്റ്റേഷനിലെ ഡെപ്യൂട്ടി RFO ആയിരുന്ന ശ്രീ.ജയപ്രസാദും, വാച്ചർ ശ്രീ. കുര്യനും ചേർന്ന് വന്യജീവി ആക്രമണത്തിന്റെ പേരിൽ വ്യാജ രേഖകൾ ഉണ്ടാക്കി സർക്കാർ ധനം അപഹരിക്കുന്നു എന്ന പരാതി - സംബന്ധിച്ച്. | കടുവയുടെ ആക്രമണവുമായി ബന്ധപ്പെട്ട് സത്യവിരുദ്ധമായി മഹസ്സർ തയ്യാറാക്കുകയും സർക്കാർ ധനസഹായം വ്യാജമായി നൽകുന്നതിന് കൂട്ടുനിന്നതായും കണ്ടെത്തി. | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി നടപടികൾ തുടർന്ന് വരുന്നു. |
| 13 | 31-05-2024 | വയനാട് സൗത്ത് ഡിവിഷനിലെ മേപ്പാടി റേഞ്ചിന്റെ കീഴിലുള്ള ചെമ്പ്ര വനസംരക്ഷണ സമിതി ഫണ്ടിൽ വൻ വെട്ടിപ്പ് പത്രവാർത്ത സംബന്ധിച്ച് | ചെമ്പ്ര വനസംരക്ഷണ സമിതിയിലെ എക്കോ ടൂറിസത്തിന്റെ വരുമാനം യഥാസമയം ബാങ്കിൽ നിക്ഷേപിക്കുന്നതിലും, റിക്കാർഡുകൾ കൃത്യമായി പരിപാലിക്കുന്നതിനും വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട് | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,കുറ്റാരോപിതർക്കെതിരെ അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുണ്ട് |
| 14 | 02-10-2024 | ഇരുളം മരം കൊള്ള -മാതൃഭൂമി പത്ര വാർത്ത | കാടിനുള്ളിൽ മച്ചാൻ നിർമ്മിക്കുന്നതിന് നിരക്കുകളോ സ്പെസിഫിക്കേഷനുകളോ ലഭ്യമല്ലാത്തതിനാലാണ് ഇത്തരത്തിൽ ഒരു പ്രവർത്തി ഉണ്ടായിട്ടുള്ളത്. തേക്ക് തോട്ടങ്ങളിലും മറ്റ വനപ്രദേശങ്ങളിലും ഉണങ്ങിയതും വീണതുമായ തടികൾ ശേഖരിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങളെക്കുറിച്ചുള്ള അജ്ഞത ബന്ധപ്പെട്ട സ്റ്റാഫിനിടയിലുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ പരിശീലനം അനിവാര്യമാണ്. മച്ചാൻ നിർമ്മാണത്തിന് എത്രമാത്രം സമഗ്രികൾ ആവശ്യമാണ് എന്ന് വ്യക്തമല്ല. പത്രങ്ങളിൽ ഇത്തരത്തിൽ വാർത്ത വന്നത് പ്രൊട്ടക്റ്റീവ് സ്റ്റാഫുകൾക്കിടയിലുള്ള വ്യത്യസ്ത സർവീസ് സംഘടനകൾ തമ്മിലുള്ള സംഘർഷം ആണെന്ന് കാണുന്നു.കാടിനുള്ളിൽ നിന്ന് വന സംരക്ഷണത്തിന് വേണ്ടിയായാലും ഉണങ്ങിയ മരങ്ങൾ മുറിക്കുന്നത് ഉൾപ്പെടെയുള്ള സാമഗ്രികൾ ശേഖരിക്കുന്നതിന് നിയതവും നിയമപരവുമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഡിഎഫ്ഒയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്.ഇത്തരം പ്രവർത്തികൾ ആരംഭിക്കുന്നതിനു മുമ്പായി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരിശോധന നടത്തി കൃത്യമായ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. | കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാർക്ക് കുറ്റപത്രം /കുറ്റാരോപണ പത്രിക നൽകി തുടർനടപടി സ്വീകരിച്ച് വരുന്നു |

| | | | | |
|---|---|---|---|---|
| | | | ആയതിനുള്ള മാർഗ്ഗനിർദ്ദേശം നൽകാവുന്നതാണ്. | |
| 15 | 14-10-2024 | നോർത്ത് വയനാട് ഡിവിഷനിൽ ബേഗൂർ റെയിഞ്ചിൽ തലപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തലപ്പുഴ 43 മൈൽ ഭാഗത്ത് സൌരോർജ്ജ തൂക്കുവേലി നിർമ്മാണത്തിൻറെ അനുമതി ഇല്ലാതെ മരങ്ങൾ മുറിച്ച എന്ന വാർത്തയിൽ അന്വേഷണം നടത്തിയത് സംബന്ധിച്ച് - കൂടുതൽ വിവരങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച് | വയനാട് ഡിവിഷനിൽ ബേഗൂർ റെയിഞ്ചിൽ തലപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തലപ്പുഴ 43 മൈൽ ഭാഗത്ത് സൗരോർജ്ജ തൂക്കുവേലി നിർമ്മാണത്തിന്റെ ഭാഗമായി അനുമതി ഇല്ലാതെ മരങ്ങൾ മുറിച്ചുവയനാട് ഡിവിഷനിൽ ബേഗൂർ റെയിഞ്ചിൽ തലപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തലപ്പുഴ 43 മൈൽ ഭാഗത്ത് സൗരോർജ്ജ തൂക്കുവേലി നിർമ്മാണത്തിന്റെ ഭാഗമായി അനുമതി ഇല്ലാതെ മരങ്ങൾ മുറിച്ചു | സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. ശ്രീധരൻ പി.വി, ശ്രീ. റൊബർട്ട് സി. ജെ എന്നിവരെ നോർത്തേൺ സർക്കിൾ സി.സി.എഫ്. സസ്പെന്റ് ചെയ്തു തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| 16 | 07.11.2024 | പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ലോഹിതാക്ഷൻ ജീവനക്കാരോട് അപമര്യാദയായി പെരുമാറി എന്ന പരാതി | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ഇല്ലാത്ത സമയത്ത് ഓഫീസിൽ വന്ന് കീഴ്ജീവനക്കാരോട് ഭീഷണിയുടെ രീതിയിൽ ജീവനക്കാരോട് സംസാരിച്ചതായി കണ്ടെത്തിയിട്ടുണ്ട് | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി നടപടികൾ തുടർന്ന് വരുന്നു. |
| 17 | 12-11-2024 | തിരുവനന്തപുരം സോഷ്യൽ ഫോറസ്റ്റിലെ സി രവീന്ദ്രകുമാറിനെതിരെ ശ്രീ.സുരേഷ് സിഎംഒ പോർട്ടൽ നൽകിയ പരാതി | ശ്രീ വീരേന്ദ്രകുമാറിന് യഥാസമയം മെഷർമെൻറ് ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. | ശ്രീ.വീരേന്ദ്രകുമാറിന് ശക്തമായ ഭാഷയിൽ താക്കീത് നൽകുന്നതിന് കൊല്ലം, സോഷ്യൽ ഫോറസ്ട്രി, ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| 18 | 12-11-2024 | നെല്ലിയാമ്പതി പ്ലാന്റേഷൻസ് (മിന്നാംപാറ എസ്റ്റേറ്റ്) എന്നറിയപ്പെടുന്ന 200 ഏക്കറോളം വരുന്ന വനഭൂമി ബഹു: സുപ്രീം കോടതിയുടെ വിധിക്ക് വിരുദ്ധമായി സർവ്വെ നടത്തിയെന്ന ശ്രീ.ടോണി തോമസിന്റെ പരാതി - കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്. | ബഹു സുപ്രീം കോടതിയുടെ കോടതിയിൽ സർക്കാറിന്റെ കേസിൽ Stay നിലനിൽക്കുമ്പോൾ അതിന് കോട്ടം വരുന്ന രീതിയിൽ മിന്നാംപാറ എസ്റ്റേറ്റ് വസ്തുക്കൾ അളക്കുന്നതിനുള്ള സർവ്വേ നടപടി സ്വീകരിച്ചതിൽ ഉദ്യോഗസ്ഥന്മാർക്ക് വീഴ്ച പറ്റിയതായി കണ്ടെത്തിയിട്ടുണ്ട്. | സുപ്രീം കോടതി സ്റ്റേ നിലനിൽക്കുന്ന സമയത്ത് മിന്നാം പാറ എസ്റ്റേറ്റ് അളന്ന് തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചതിന് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെത ിരെ താക്കീത് നൽകുവാൻ ശുപാർശ നൽകിയിട്ടുണ്ട് |
| 19 | 15-04-2025 | ബഹു.കേരള മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ വഴി ശ്രീമതി സതി ശങ്കരൻകുട്ടി സമർപ്പിച്ച G-3230601451 നമ്പർ പരാതി (Shri.K.P Santhosh SFO -M PEN-) | അപമര്യാദയായി പെരുമാറി | നടപടി സ്വീകരിച്ചുവരുന്നു |
| 20 | 10-12-2024 | അടച്ചിട്ടിരുന്ന വീട്ടിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ അനധികൃതമായി പരിശോധന | പെരുവണ്ണാമൂഴി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നിയമാനുസൃതമുള്ള | കുറ്റക്കാരനായ ജീവനക്കാരനെ സ്ഥലം മാറ്റുകയും |

| | | | | |
|---|---|---|---|---|
| | | നടത്തി എന്ന് ശ്രീ.സത്യൻ.എൻ, നട്ടത്തലക്കൽ, മൊടക്കല്ലൂർ എന്നയാൾ നൽകിയ പരാതി | സെർച്ച് വാറണ്ട് ഇല്ലാതെ സെർച്ച് നടത്തുകയും സെർച്ച് വാറണ്ടിന്റെ അഭാവത്തിൽ സെർച്ച് നടത്തിയാൽ തയാറാക്കേണ്ട സെർച്ച് മെമ്മോറാണ്ടം തയാറാക്കുകയോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ മുൻകൂട്ടി അറിയിക്കുകയോ,ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അനുമതി തേടുകയോ ചെയ്തിട്ടില്ല. | താക്കീത് നൽകുകയും ചെയ്തു |
| 21 | 13.12.2024 | തൃശ്ശൂർ ചാലക്കുടി ഡിവിഷന് കീഴിൽ പരിയാരം റെയിഞ്ചിൽ നായരങ്ങാടി ഇക്കോറെസ്റ്ററേഷൻ പ്രൊജക്ട് ഭാഗമായി 6000 തൈകൾ വച്ച്പിടിപ്പിക്കാൻ എസ്റ്റിമേറ്റ് പാസ്സാക്കിയതിൽ 3000 തൈകൾ മാത്രമേ വെച്ച് പിടിപ്പിച്ചിട്ടുള്ളൂവെന്നും എന്നാൽ മുഴുവൻ ബിൽ തുക നൽകി എന്നുമുള്ള പരാതി | 27.03.2023-ആം തിയതി ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ചിലെ സ്റ്റാഫുകളും കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകളും സംയുക്തമായി ടി സ്ഥലത്ത് പരിശോധന നടത്തിയതിൽ ആകെ 2186 തൈകൾ ഉള്ളതായും, കൂടാതെ 1422 തൈകൾ ഇല്ലാത്ത കുഴികൾ ഉള്ളതായും കണ്ടെത്തിയിട്ടുള്ളതാണ്. എം-ബുക്കിൽ ചെയ്ത ജോലികളുടെ അളവ് വിവരം കൃത്യമായി രേഖപ്പെടുത്താത്തതിനാലും, പാസ്സാക്കിയ അടങ്കൽ പ്രകാരം എത്ര തൈകൾ പ്ലാന്റ് ചെയ്തുവെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. | നടപടി സ്വീകരിച്ച് വരുന്നു. |
| 22 | 16-12-2024 | തിരുവഴിയാട് സെക്ഷനിൽ ഫയർ വാച്ചർമാരായി ജോലിചെയ്തിട്ടുള്ളവർക്ക് ശമ്പളം കിട്ടുന്നില്ല എന്നാരോപിച്ച് ശ്രീ.ടി.എ.ചന്ദ്രൻ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നൽകിയ പരാതി - കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്. | ഫയർ വാച്ചറായി ജോലി നോക്കാത്തവരുടെ പേരിൽ മാസ്റ്ററോൾ എഴുതി വേതനം നൽകിയതായി കണ്ടെത്തിയിട്ടുണ്ട് | നടപടി സ്വീകരിച്ച് വരുന്നു. |
| 23 | 17.12.2024 | മറയൂർ ചന്ദന റിസർവിൽ നിന്നും വ്യാപകമായി ചന്ദനമരം മുറിച്ചു കടത്തുന്നു എന്ന ഹിന്ദു ദിനപത്രത്തിലെ വാർത്ത | നാച്ചിവയൽ സ്റ്റേഷൻ പരിധിയിൽ ചന്ദന കുറ്റകൃത്യങ്ങൾ വർധിച്ചത് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സംരക്ഷണ വിഭാഗം ജീവനക്കാരുടെയും താത്കാലിക വാച്ചർമാരുടെയും വീഴ്ചയായി കണ്ടെത്തിയിട്ടുണ്ട്. | അച്ചടക്ക നടപടികൾ തുടർന്നു വരുന്നു |
| 24 | 25.12.2024 | പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് കോമ്പൗണ്ടിലും പരിസരങ്ങളിലുമുള്ള മുളകൾ ലേലം ചെയ്ത് വിറ്റതുമായി ബന്ധപ്പെട്ട പരാതി | അപകടകരമായി നിന്നിരുന്ന മുളകൾ GO(MS) No. 67/2015 FWLD തീയതി 10.09.2015 നമ്പർ ഉത്തരവ് പ്രകാരം 17200/- രൂപക്കു വിലനിർണ്ണയം നടത്തി നൽകിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ വനം വന്യജീവി വകുപ്പിന്റെ 30.03.2017 തീയതിയിലെ GO(MS)No0.16/2017 FWLD ഉത്തരവ് പ്രകാരം വില നിർണയം നടത്തിയിരുന്നുവെങ്കിൽ 69876/- രൂപ കിട്ടേണ്ടിയിരുന്നുവെന്നും തന്മൂലം 52676/- രൂപയുടെ വ്യത്യാസം വന്നതായും കണ്ടെത്തിയിട്ടുണ്ട്. | വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ സർക്കാർ ഉത്തരവുകൾ കൃത്യമായി എല്ലാ ഡിവിഷനിലും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി |

| | | | | |
|---|---|---|---|---|
| 25 | 12.01.2025 | 2013 മാർച്ച് 8,9 തീയതികളിലായി വാഴച്ചാൽ ഡിവിഷനു കീഴിലുള്ളതും അയ്യമ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതുമായ എരുമാടം ഭാഗത്ത് 600 ഹെക്ടറിലധികം വനഭൂമി വനസംരക്ഷണ സമിതി തീയിട്ട് നശിപ്പിച്ചു എന്ന് എൻ.സി.പി.മായി ബ്ലോക്ക് പ്രസിഡന്റ് എം.കെ.രാജീവ് സമർപ്പിച്ച പരാതി | കടുത്ത വേനൽക്കാലമായ മാർച്ച് മാസത്തിൽ ആവശ്യമായ മുൻകരുതലുകളോ ജാഗ്രതയോ പുലർത്താതെ ഫയർബ്രേക്ക് കത്തിച്ചത് മൂലം തീ പടർന്നു കയറി 1994 തേക്ക് തോട്ടത്തിലെ 4 ഹെക്ടർ സ്ഥലവും 1974 തേക്ക് തോട്ടത്തിലെ 20 ഹെക്ടർ സ്ഥലവും ഐ ബി കുന്ന് ഭാഗത്തെ 10 ഹെക്ടർ സ്ഥലവും ഉൾപ്പെടെ 34 ഹെക്ടർ വനഭൂമി കത്തിയതായും പരിശോധനയിൽ അടിക്കാടുകളും മുളങ്കൂട്ടങ്ങളും കത്തിനശിച്ചിട്ടുള്ളുവെന്നും തേക്കു തോട്ടത്തിനും മറ്റു വൻമരങ്ങൾക്കും കാര്യമായ നാശനഷ്ടം സംഭവിച്ചിട്ടില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും നിർദ്ദേശങ്ങൾ അവഗണിച്ചും ജാഗ്രതക്കുറവോടെയും ഫയർ ബ്രേക്ക് കത്തിച്ചതു വഴി കാട്ടുതീ പടരാനുണ്ടായ സാഹചര്യത്തിൽ ടി കാലയളവിലെ ഏഴാറ്റുമുഖം ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.പ്രശാന്ത്.എസ് പ്രഭാകർ, ഏഴാറ്റുമുഖം ഫോറസ്റ്റ് സ്റ്റേഷനിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസറും എരുമത്തടം വി.എസ്.എസ് സെക്രട്ടറിയുമായിരുന്ന ശ്രീ.നിഖിൽ പി.എം എന്നിവരുടെ ഭാഗത്തു നിന്നും ഗുരുതര വീഴ്ച്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്.കടുത്ത വേനൽക്കാലമായ മാർച്ച് മാസത്തിൽ ആവശ്യമായ മുൻകരുതലുകളോ ജാഗ്രതയോ പുലർത്താതെ ഫയർബ്രേക്ക് കത്തിച്ചത് മൂലം തീ പടർന്നു കയറി 1994 തേക്ക് തോട്ടത്തിലെ 4 ഹെക്ടർ സ്ഥലവും 1974 തേക്ക് തോട്ടത്തിലെ 20 ഹെക്ടർ സ്ഥലവും ഐ ബി കുന്ന് ഭാഗത്തെ 10 ഹെക്ടർ സ്ഥലവും ഉൾപ്പെടെ 34 ഹെക്ടർ വനഭൂമി കത്തിയതായും പരിശോധനയിൽ അടിക്കാടുകളും മുളങ്കൂട്ടങ്ങളും കത്തിനശിച്ചിട്ടുള്ളുവെന്നും തേക്കു തോട്ടത്തിനും മറ്റു വൻമരങ്ങൾക്കും കാര്യമായ നാശനഷ്ടം സംഭവിച്ചിട്ടില്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും നിർദ്ദേശങ്ങൾ അവഗണിച്ചും ജാഗ്രതക്കുറവോടെയും ഫയർ ബ്രേക്ക് കത്തിച്ചതു വഴി കാട്ടുതീ പടരാനുണ്ടായ സാഹചര്യത്തിൽ ടി കാലയളവിലെ ഏഴാറ്റുമുഖം ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. പ്രശാന്ത്. എസ് പ്രഭാകർ, ഏഴാറ്റുമുഖം | കുറ്റാരോപിതർക്ക് മെമ്മോ നൽകി നടപടി തുടർന്ന് വരുന്നു. |

| | | | | |
|---|---|---|---|---|
| | | | ഫോറസ്റ്റ് സ്റ്റേഷനിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസറും എരുമത്തടം വി.എസ്.എസ് സെക്രട്ടറിയുമായിരുന്ന ശ്രീ.നിഖിൽ പി.എം എന്നിവരുടെ ഭാഗത്തു നിന്നും ഗുരുതര വീഴ്ച്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്. | |
| 26 | 18.01.2025 | വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷന് കീഴിൽ ജീപ്പ് സഫാരി നടത്തുന്നതുമായി ബന്ധപ്പെട്ട് രാജീവ് പി.പി.സമർപ്പിച്ച പരാതി – ശ്രീമതി ലക്ഷ്മി (DFO),ശ്രീ.നിതിൻ പി.എസ്.(RO)എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി –സംബന്ധിച്ച് | വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയ ശ്രീമതി ലക്ഷ്മി, ആതിരപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. നിതിൻ പി.എസ് എന്നീ ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ മനപൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടിട്ടുണ്ട് | കുറ്റാരോപിതർക്ക് മെമ്മോ നൽകി നടപടി തുടർന്ന് വരുന്നു. |
| 27 | 18.01.2025 | കൽപ്പറ്റ ഫോറസ്റ്റ് റെയിഞ്ച് ഓഫീസ്,പുറക്കാടി വില്ലേജ് ഓഫീസ് കണിയാൻപാറ്റാ വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ നടന്ന മിന്നൽ പരിശോധന – സംബന്ധിച്ച് | മരം മുറിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷ,സ്ഥലമുടമ നേരിട്ടോ, അല്ലെങ്കിൽ സ്ഥലമുടമയുടെ ഓതറൈസേഷൻ ലെറ്റർ മുഖാന്തിരമോ മാത്രമേ സ്വീകരിക്കാൻ പാടുള്ളുവെന്ന് | കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു |
| 28 | 22.02.2025 | ഇടുക്കി ജില്ലയിൽ കാർഡമം ഹിൽ റിസർവിൽ പെട്ട (CHR)ഏലത്തോട്ടങ്ങളിൽ നിന്നും അനുമതിയില്ലാതെ വ്യാപകമായി മരങ്ങൾ മുറിച്ച് കടത്തുന്നത് സംബന്ധിച്ച കുറിപ്പ് | CHR മേഖലയിലെ അനധികൃത മരം മുറിയിൽ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട് | നടപടി സ്വീകരിച്ചു വരുന്നു |
| 29 | 01–03–2025 | ഒറ്റപ്പാലം റെയിഞ്ച് പട്ടാമ്പി സെക്ഷൻ പരിധിയിലെ വി.എഫ്.സി. ഐറ്റം നമ്പർ 70 രാമഗിരിക്കോട്ട മലവാരത്തിൽ നിന്നും ചന്ദന മരങ്ങൾ മോഷണം പോയത് – സംബന്ധിച്ച് | ഫ്ളയിംഗ് സ്ക്വാഡിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് വിശദ പരിശോധന നടത്തിയതിൽ ഒ.ആർ–06/2024 കേസ്സിലെ മഹസ്സറിൽ ഉൾപ്പെട്ട ചന്ദനമരക്കുറ്റികളുടെ 5 മീറ്റർ പരിധിക്കുള്ളിലായി 5 ചന്ദനമരക്കുറ്റികൾ ഉൾപ്പെടെ 33 ചന്ദനമരങ്ങൾ കൂടി മോഷണം പോയതായി കണ്ടെത്തിയിരുന്നു. 33 ചന്ദനമരങ്ങൾ മോഷണം പോയത് ഫീൽഡ് പരിശോധന നടത്തി കുറ്റകൃതും കണ്ടെത്തുവാൻ സാധിക്കാത്തത് പട്ടാമ്പി സെക്ഷൻ സ്റ്റാഫിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയും, കൃത്യനിർവ്വഹണത്തിലുള്ള നിരുത്തരവാദപരമായ സമീപനവും അലംഭാവവുമാണ്. | നടപടി സ്വീകരിച്ചു വരുന്നു |
| 30 | 02.03.2025 | വാഴച്ചാൽ ഡിവിഷനിലെ വനം വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ അഴിമതിയുമായി ബന്ധപ്പെട്ട് ശ്രീ.റൂബി ലാൽ, തൃശ്ശൂർ എൻക്വയറി കമ്മീഷൻ &സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) മുമ്പാകെ | അന്വേഷണത്തിൽ വനസംരക്ഷണ സമിതിയുടെ 10.10.2019 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മീറ്റിങ്ങിൽ വാഴച്ചാൽ ആദിവാസി കോളനിയിൽ മണപ്പുറം ഗ്രൂപ്പ് ഫൗണ്ടേഷന്റെ സഹായത്തോടെ FDA മുഖാന്തിരം 17 കുടുംബങ്ങൾക്ക് ടോയിലറ്റ് നിർമ്മിച്ച | വനം ആസ്ഥാനത്ത് നടപടി സ്വീകിരച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| | | സമർപ്പിച്ച പരാതി | നൽകുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണെന്നും. ടി പ്രവർത്തികളുമായി ബന്ധപ്പെട്ട് വാഴച്ചാൽ വി.എസ്.എസിൽ നിന്നും എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതും വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ പാസ്സാക്കി നൽകിയിട്ടുള്ളതാണെന്നും. എന്നാൽ ടി പ്രവർത്തികൾ കോൺട്രാക്ടർക്ക് നൽകുന്നതിന് മുമ്പായി സർക്കാർ നിയമാവലി പ്രകാരമുള്ള കൊട്ടേഷൻ ക്ഷണിച്ചുകൊണ്ടുള്ള തീരുമാനങ്ങളോ മറ്റ് നടപടി ക്രമങ്ങളോ കമ്മിറ്റി പാലിച്ചിട്ടില്ലെന്നും ടി പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരന് എന്ത് അടിസ്ഥാനത്തിൽ ആര് വർക്ക് നൽകി എന്നുള്ളതിന് യാതൊരു വ്യക്തതയും ടി സമിതിയിലെ രേഖകളിൽ ഇല്ലായെന്നും കണ്ടെത്തിയിട്ടുണ്ട്. വർക്കുകൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട് വി.എസ്.എസ് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | |
| 31 | 11-03-2025 | Illicit mining of Vaidhuryam from Palode Mananchal Area | വനമേഖലയിൽ അതിക്രമിച്ച് കയറി വൈഡൂര്യം ഖനനം ചെയ്യുന്നതിനുവേണ്ടി കുഴി ഉണ്ടാക്കിയതിൽ ടി കാലയളവിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർക്ക് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ട്. | നടപടി സ്വീകരിച്ചുവരുന്നു |
| 32 | 06-05-2025 | സിഎംഒ Portal -ശ്രീ.ഷാജർ അറാഫത്ത് നൽകിയ പരാതി | റിക്കാർഡുകൾ കൃത്യമായി പരിപാലിക്കുന്നതിന് വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട് | അച്ചടക്ക നടപടികൾ സ്വീകരിച്ച് വരുന്നു |
| 33 | 14.05.2025 | ബഹു.ഇന്ത്യൻ പ്രധാനമന്ത്രിക്ക് പൂയംകുട്ടി ആദിവാസി സംരക്ഷണ സമിതി മൂപ്പന്റെ പേരിൽ നൽകിയ പരാതി - ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന കെ.ടി.റോയിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നത് -സംബന്ധിച്ച് | പൂയംകുട്ടി സ്റ്റേഷന് കീഴിലുള്ള റിസർവ് വനത്തിൽ പ്രവേശിച്ച് ബാറ്ററിയും, ഇൻവെർട്ടറും ഉപയോഗിച്ച് പുഴയിൽ നിന്നും നിയമവിരുദ്ധമായി മീൻ പിടിച്ചതിന് ഒ.ആർ.02/18 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒ.ആർ.02/18 കേസിലുൾപ്പെട്ട വാഹനം യഥാസമയം പിടിച്ചെടുക്കാത്തതും FIR ൽ Kerala Forest Act Section 24(1) e(iv) പ്രകാരം മാത്രം കേസെടുത്തത് ശരിയല്ലായെന്നും കണ്ടെത്തിട്ടുണ്ട്. | പൂയംകുട്ടി ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന കെ.ടി.റോയിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിരുന്നു. എന്നാൽ ടിയാൻ 29.06.2023 തീയതിയിൽ മരണപ്പെട്ടിട്ടുള്ളതാണ്. 1960 - ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും. നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ മരണപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ |

| | | | | |
|---|---|---|---|---|
| | | | | ആരംഭിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ കഴിയുന്നതല്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്. |
| 34 | 06-06-2025 | സ്വകാര്യ വ്യക്തികൾക്ക് ടിമ്പർ ഡിപ്പോയും,മരാധിഷ്ഠിത വ്യയസായവും നടത്തുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ പണം വാങ്ങി അനുമതി നൽകിയെന്നുള്ള പരാതി | രണ്ടു മില്ലുകളും മാറ്റി സ്ഥാപിച്ചിട്ടുള്ള മുതലമട വില്ലേജിലെ ആട്ടയാമ്പതി എന്ന സ്ഥലത്തിനു ഏറ്റവും അടുത്തുള്ള വനഭൂമി വെള്ളാരം കടവ് മലവാരമാണെന്നും, അവിടെ നിന്നും നിധിൻ ടിമ്പേഴ്സ് (മുൻ ഡയമണ്ട് ടിമ്പേഴ്സ്) എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്കുള്ള ദൂരം 4.5 കിലോമീറ്റർ ആണെന്നും, അഞ്ജലി ടിമ്പേഴ്സ് ( മുൻ അരവന്നൂർ ടിമ്പേഴ്സു) എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്കുള്ള ദൂരം 4.77 കിലോമീറ്റർ ആണെന്നും അന്വേഷണത്തിൽ കണ്ടെത്തിയതായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സോമിൽ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി (The Kerala Forest (Regulation of Sawmills and other Wood-Based Industrial Units) Rules, 2021- ഇൽ നിഷ്കർഷിച്ചിരുന്ന വനാതിർത്തിയിൽ നിന്നും വായുമാർഗ്ഗം എടുക്കേണ്ട കുറഞ്ഞ ദൂരപരിധി (5 കിലോമീറ്റർ )നിശ്ചയിച്ചതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും സംഭവിച്ച പിഴവു മൂലമാണ് ഇപ്രകാരം സംഭവിച്ചത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ രണ്ട് തടിമില്ലുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു എന്നും വായുമാർഗ്ഗമുള്ള ഏറ്റവും കുറഞ്ഞ ദൂരപരിധി നോക്കാതെ GPS Reading തെറ്റിദ്ധരിപ്പിച്ച് എഴുതി ഷിഫ്റ്റിംഗ് ഓർഡർ അനുവദിച്ചു എന്ന ആരോപണം ഭാഗികമായി തെളിയിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | നടപടി സ്വീകരിച്ചു വരുന്നു |
| 35 | 14-6-2025 | മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ഹരിലാൽ,ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.അരവിന്ദാക്ഷൻ കണ്ടോത്തുപാറ,സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. മനോജ് എന്നിവർക്കെതിരെ പ്രോസിക്യൂഷൻ വിചാരണാ അനുമതി തേടിക്കൊണ്ട് ശ്രീ. | മേപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ഹരിലാൽ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. അരവിന്ദാക്ഷൻ കണ്ടോത്തുപാറ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ. മനോജ് എന്നീ മൂന്ന് ഉദ്യോഗസ്ഥർ കേരള വനം വകുപ്പിന് വേണ്ടി അവരിൽ നിക്ഷിപ്തമായ കർത്തവ്യങ്ങളാണ് നിർവഹിച്ചിട്ടുള്ളതെന്നതിനാലും ഇ എഫ് | നടപടി സ്വീകരിച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| | | ഷാജിർ അറഫാത്ത് ഫയൽ അപേക്ഷ (SECTION 197 UNDER CRIMINAL PROCEDURE) – സംബന്ധിച്ച്. | ൽ ആയി പ്രഖ്യാപിക്കപെട്ട സ്ഥലത്ത് മുൻ ഉടമ നടത്തിയ വനം കുറ്റത്തിനെതിരെ കേസെടുത്ത് അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചതിനാൽ ഇവർ ക്കെതിരെ പ്രോസിക്യൂഷന് അനുമതി നൽകേണ്ടതില്ലെന്നും ശിപാർശ. | |
| 36 | 22.06.2025 | തൃശൂർ പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ .അരുൺ .വി .എസ് നെതിരെയുള്ള പരാതി സംബന്ധിച്ച്. | ശ്രീ. അരുൺ വി എസ് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷനിൽ ജോലി ചെയ്തുവരുന്ന കാലയളവിൽ ഡ്യൂട്ടിസമയത്ത് സ്ഥിരമായി മദ്യപിച്ചിരുന്നതായും മേലധികാരികളുടെ അനുവാദമില്ലാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുന്നതായും കൂടാതെ ഡിപ്പാർട്ട്മെന്റ് വാഹനം ദുരുപയോഗം ചെയ്തിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട് . | നടപടി സ്വീകരിച്ചു വരുന്നു |
| 37 | 26-07-2025 | സൈലന്റ് വാലി ഡിവിഷനിലെ ഉണർവ്വ് യുവജന കേന്ദ്രം വായനശാലയ്ക്കും മറ്റും പത്രവും ആനുകാലികങ്ങളും വിതരണം ചെയ്തതിന്റെ തുക നൽകുന്നില്ലെന്നാരോപിച്ച് പത്രം ഏജന്റ് ശ്രീ.ജോയ്.ഇ.വി കോഴിക്കോട്, ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) മുൻപാകെ സമർപ്പിച്ച പരാതി | സൈലന്റ് വാലി റെയ്ഞ്ചിലെ ബിൽ തുകകൾ പത്ര ഏജന്റിനു നൽ കുന്നതിൽ വലിയ കാലതാമസം വന്നിട്ടുണ്ട് എന്നത് അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുള്ളതാണ്. | തുടർ നടപടി സ്വീകരിച്ചു വരുന്നു |
| 38 | 31-07-2025 | 2018-ൽ പാലക്കാട് ജില്ലയിലെ അനങ്ങൻമല കത്തിയതുമായി ബന്ധപ്പെട്ട് അനങ്ങനടി പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ഒ.എ.ബാബുവിനെ അകാരണമായി പ്രതി ചേർത്തുവെന്ന പരാതി – സംബന്ധിച്ച്. | 2018-ൽ പാലക്കാട് ജില്ലയിലെ അനങ്ങൻമല കത്തിയതുമായി ബന്ധപ്പെട്ട് അനങ്ങനടി പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ഒ.എ.ബാബുവിനെ അകാരണമായി പ്രതി ചേർത്തതിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ട് . | നടപടികൾ സ്വീകരിച്ചു വരുന്നു |
| 39 | 16.08.2025 | പട്ടിക്കാട് റെയിഞ്ചിലെ താൽക്കാലിക വാച്ചറായ ശ്രീ.ജിബി ജോണിനെതിരെയുള്ള പരാതി | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) 30.09.2019 ലെ ഉത്തരവിനെ തുടർന്ന് ജോലിയിൽ നിന്നും 2019 ൽ പിരിച്ചുവിട്ട വാണിയമ്പാറ ഫോറസ്റ്റ് സ്റ്റേഷനിലെ താല്ക്കാലിക ഡ്രൈവറായിരുന്ന ശ്രീ. ജിബി ജോണിനെ മേലധികാരികളുടെ യാതൊരുവിധ അനുമതിയോ ഉത്തരവുകളോ ഇല്ലാതെ, മേൽ ഉത്തരവിനെപറ്റി അറിവുണ്ടായിരുന്ന അന്നത്തെ വാണിയമ്പാറ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.സി.ഒ.സെബാസ്റ്റ്യൻ 2020- ൽ വീണ്ടും വാച്ചറായി ജോലി നൽകിയത് ഗുരുതരമായ അച്ചടക്ക ലംഘനവും, | നടപടികൾ സ്വീകരിച്ചു വരുന്നു |

| | | | | |
|---|---|---|---|---|
| | | | ധിക്കാരവും, മേലധികാരികളോടുള്ള അവഹേളനമാണെന്നും കണ്ടെത്തിയിട്ടുണ്ട്. | |
| 40 | 08-09-2025 | പാലരുവി ഇക്കോ ടൂറിസത്തിന്റെ ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ.അനിൽ ആന്റണിയ്ക്ക് എതിരെയുള്ള പരാതി | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ശ്രീ അനിൽ ആന്റണിയ്ക്ക് മനപ്പൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചതായി കണ്ടെത്തി | നടപടികൾ സ്വീകരിച്ചു വരുന്നു |
| 41 | 09.09.2025 | Disciplinary Action against Shri. Shinoj K S RFO-reg | അടിമാലി ഫോറസ്റ്റ് റെയ്ഞ്ചിലെ മച്ചിപ്ലാവ് സ്റ്റേഷൻ പരിധിയിലെ ഉന്നതികളിലെ അനധികൃത മരം മുറി തടയുന്നതിൽ മച്ചിപ്ലാവ് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്തും,സ്റ്റേഷൻ സ്റ്റാഫുകളുടെ ഭാഗത്തുനിന്നും വീഴ്ചകൾ ഉണ്ടായിട്ടുള്ളതാണ്. | അച്ചടക്ക നടപടികൾ തുടർന്നു വരുന്നു |
| 42 | 09-09-2025 | നെന്മാറ ഡിവിഷണൽ ഓഫീസിലെ ജീവനക്കാർക്ക് എതിരെയുള്ള പരാതി - സംബന്ധിച്ച്. | 1. ശ്രീമതി . റിമ. എസ്. പെൻ7 s 5832, യു.ഡി. ടൈപ്പിസ്റ്റ്, നെൻമാറ വനം ഡിവിഷൻ - 2023 നവംബർ 16 മുതൽ 2023 ഡിസംബർ 15 വരെ പഞ്ചിംഗിൽ (in & out) അനുവദിച്ച 300 മിനിറ്റ് ഗ്രേസ് പിരീഡിൽ കൂടുതൽ സമയം അധികരിച്ചതായി കണ്ടെത്തി. എന്നാൽ ആയത് നിവർത്തിക്കുന്നതിനുള്ള അവധി അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല.<br>2. ശ്രീ സജീഷ് എ. പെൻ 723701, സിനിയർ ക്ലർക്ക്, നെൻമാറ വനം ഡിവിഷൻ, 12.10.2023 ന് 13.35 PM നാണ് പഞ്ച് ഓട്ട് ചെയ്തിരിക്കുന്നത്. എന്നാൽ അറ്റൻഡൻസ് രജിസ്റ്ററിൽ ടിയാൻ രണ്ടു നേരവും ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്. .<br>3. ശ്രീ.മലാന മൻസൂർ എ. പെൻ: 739388 ഓഫീസ് അറ്റൻഡൻറ്. നെൻമാറ വനം ഡിവിഷൻ 02.12.2023 ന് 13.00 PM പഞ്ച് ഓട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അറ്റൻഡൻസ് രജിസ്റ്ററിൽ രണ്ട് നേരവും ഹാജർ രേഖപ്പേടുത്തിയിട്ടുണ്ട്.<br>4. ശ്രീ. അമാനുള്ള എ. പെൻ. 163363, ക്ലർക്ക്, നെൻമാറ വനം ഡിവിഷൻ. 18.07.2024 നും 25.07.2024 നും അറ്റൻഡൻസ് പഞ്ച് (in & out) ചെയ്തിട്ടില്ല. എന്നാൽ അറ്റൻഡൻസ് രജിസ്റ്ററിൽ രണ്ടു നേരവും ഹാജർ രേഖപ്പെടുത്തിയതായി കാണുന്നുണ്ട്.<br>5. ശ്രീ. മനോജ് മാത്യു. പെൻ-162193, ഹെഡ് അക്കൗണ്ടൻറ്. നെൻമാറ വനം ഡിവിഷൻ. 03.10.2023 ന് 13.15 PM ന് പഞ്ച് ഓട്ട് ചെയ്ത സമയമായി കാണുന്നു. എന്നാൽ ടിയാൻ അറ്റൻഡൻസ് രജിസ്റ്ററിൽ രണ്ട് നേരവും ഹാജർ രേഖപ്പെടുത്തിയിട്ടുള്ളതായും | നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് |

| | | | | |
|---|---|---|---|---|
| | | | കാണുന്നു. കൂടാതെ 07.10.2023 ന് 14.26 PM ടിയാൻ പഞ്ച് ഓട്ട് ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. അന്നേ ദിവസം ടിയാൻ അറ്റൻഡൻസ് രജിസ്റ്ററിൽ രണ്ടു നേരവും അറ്റൻഡൻസ് രേഖപ്പെടുത്തിയതായി കാണുന്നു.<br>6. ശ്രീമതി ജിഷ എബ്രഹാം, പെൻ-162248, നെൻമാറ ഡിവിഷനിലെ മുൻ സീനിയർ സൂപ്രണ്ട് . ജീവനക്കാരുടെ പഞ്ചിംഗ് അറ്റൻഡൻസ് വിവരങ്ങൾ യഥാസമയം പരിശോധിച്ച് കൃത്യമാണോ എന്ന് ഉറപ്പ് വരുത്തിയില്ല.<br>7. ശ്രീ. നസീർ. എസ്, പെൻ-162129, സീനിയർ സൂപ്രണ്ട്, നെൻമാറ വനം ഡിവിഷൻ . ജീവനക്കാരുടെ പഞ്ചിംഗ് അറ്റൻഡൻസ് വിവരങ്ങൾ യഥാസമയം പരിശോധിച്ച് കൃത്യമാണോ എന്ന് ഉറപ്പ് വരുത്തിയില്ല. മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി യുക്തമായ അച്ചടക്ക നടപടി സ്വീകരിക്കുവാൻ CCF(EC),Palakkad നോട് ശുപാർശ ചെയ്തിട്ടുണ്ട്. | |
| 43 | 01-10-2025 | തൃശ്ശൂർ ജില്ലയിലെ ചാലക്കുടി വനം ഡിവിഷൻ - കൊച്ചിൻ മലബാർ എസ്റ്റേറ്റ് കേസ് - ഹൈക്കോടതി വിധി അട്ടിമറിക്കുന്നതുമായി ബന്ധപെട്ടു ശ്രീ.മുകുന്ദൻ .കെ ആർ സമർപ്പിച്ച പരാതി - സംബന്ധിച്ച്. | പീച്ചി വൈൽഡ് ലൈഫ് വാർഡന്റെ മേൽ പ്രവർത്തി സദുദ്ദേശ പരമായിരുന്നുവെന്നും എന്നാൽ പാട്ട ഭൂമിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളിൽ വേണ്ടത്ര ജാഗ്രത ഉണ്ടായിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട് | നടപടി സ്വീകരിച്ചു വരുന്നു |
| 44 | 23-4-2021 | സൗത്ത് വയനാട് ഡിവിഷൻ കൽപ്പറ്റ റെയിഞ്ചിലെ സുഗന്ധഗിരിമരം മുറിയുമായി ബന്ധപ്പെട്ട് ശ്രീമതി.നീതു.കെ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ അച്ചടക്കനടപടി - സംബന്ധിച്ച്. | റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്ത് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ട് | കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| 45 | 19-4-2025 | അഡ്വക്കേറ്റ് അർമുഖം സിഎംഒ പോർട്ടലിൽ നൽകിയ പരാതി | വനം വിജിലൻസ് പാലോട് റേഞ്ചിലെ ജണ്ട നിർമ്മാണത്തിലെ റിപ്പോർട്ട് തയ്യാറാക്കിയത് സാമ്പിൾ പരിശോധനയിലാണ്. അതിനാൽ വിശദമായ പരിശോധന നടത്തി നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട കൺസർവേറ്റർ മാർക്ക് നിർദേശം നൽകിയിട്ടുണ്ട്. അതിൽ ബന്ധപ്പെട്ട വിഭാഗം റിപ്പോർട്ട് ഭരണവിഭാഗത്തിന് നൽകിയിട്ടുണ്ട്. | നടപടി സ്വീകരിച്ചു വരുന്നു |
| 46 | 02-09-2021 | തെന്മല ഡിവിഷനിലെ ആര്യങ്കാവ് റെയിഞ്ചിലെ ബീറ്റ് | ബിനാമി വാച്ചർമാരുടെ പേരിൽ ശമ്പളം എഴുതി | ഏഴു പേർക്കെതിരെയുള്ള |

| | | | | |
|---|---|---|---|---|
| | | ഫോറെസ്റ്റ് ഓഫീസർ റോബെർട്ടിനെതിരെ ഇടപ്പാളയം സുരേഷ് നല്കിയ പരാതി- സംബന്ധിച്ച്. | | അച്ചടക്ക നടപടികൾ തീർപ്പാക്കിയിട്ടുണ്ട് മറ്റു പതിമൂന്ന് പേർക്ക് എതിരെ അച്ചടക്ക നടപടികൾ തുടർന്നുവരുന്നു |
| 47 | 20-3-2025 | സന്ധ്യ എന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കെതിരെ കൊല്ലം ജില്ലയിലെ ഒരു കൂട്ടം വനപാലകർ എന്ന പേരിൽ വന്ന പരാതി | പരാതി തെളിയിക്കപ്പെട്ടിട്ടില്ല | നടപടി സ്വീകരിച്ചു വരുന്നു |
| 48 | 04-05-2025 | ആര്യങ്കാവ് റെയിഞ്ചിലെ 1960 രാജാക്കൂപ്പ് തേക്ക് ഫെല്ലിങ് ജോലികളിലെ അപാകത | സി എഫ് കൊല്ലത്തിൽ നിന്നും റിപ്പോർട്ട് ലഭിക്കാനുണ്ട് | സർക്കാർ നഷ്ടം തിട്ടപ്പെടുത്തുന്നതുൾപ്പെടെ നടപടി സ്വീകരിച്ചു വരുന്നു |
| 49 | 16-03-2022 | കുളത്തൂപ്പുഴ സെൻട്രൽ നേഴ്സറിയിൽ റൂട്ട് ട്രെയിനർ തേക്ക് തൈകൾ തയ്യാറാക്കുന്നതിലും വിതരണം ചെയ്യുന്നതിലും കാലതാമസം നേരിട്ടത് സമബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ടിൽ താങ്കളുടെ ശുപാർശ സമർപ്പിക്കുന്നത് - സംബന്ധിച്ച്. | റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്ത് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ട് | അച്ചടക്ക നടപടി തുടർന്ന് വരുന്നു |
| 50 | 21-11-2022 | Complaint against Sri M.S Venugopal Central Nursery | ശ്രീ എം എസ് വേണുഗോപാൽ SFO, seedling supply രസീതുകളിൽ ഒപ്പ് വാങ്ങി സൂക്ഷിക്കുന്നതിൽ വീഴ്ച്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. | നടപടി സ്വീകരിച്ചു വരുന്നു |
| 51 | 22-12-2022 | തെന്മല ഡിവിഷനിലെ വനപാലകർ സന്ദീപ് എന്നയാളെ മർദ്ദിച്ചത്- സംബന്ധിച്ച് (A2-96/2022) | ആര്യങ്കാവ് റെയിഞ്ചിലെ കടമാൻ പാറ ഫോറസ്റ്റ് സ്റ്റേഷന് സമീപം 18.11.2022-ന് വൈകുന്നേരം 5.30 മണിക്ക് സന്ദീപ് എന്നയാളെ വനം വകുപ്പ് ഉദ്യോഗസ്ഥർ മർദ്ദിച്ചുവെന്നു പറയപ്പെടുന്ന സംഭവത്തിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.ജിൽസന്റെ ഭാഗത്തുനിന്നും ജാഗ്രതാകുറവ് സംഭവിച്ചു | ചന്ദന സംരക്ഷണം അടക്കമുള്ള അതികഠിനമായ ജോലികൾ ചെയ്യുന്ന കടമാൻ പാറപോലുള്ള ഫോറസ്റ്റ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് മനപൂർവ്വമോ കരുതിക്കൂട്ടിയോ വീഴ്ച സംഭവിച്ചിട്ടില്ലായെന്നും ശ്രീ.ജിൽസൻറെ മുൻകാല പ്രവൃത്തികളും മറ്റും വിശദമായി പരിശോധിച്ചതിലും ടിയാൻ മനപൂർവ്വം ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കാറില്ലെന്നും ടിയാൻ വനം കൈയ്യേറ്റത്തിനോ |

| | | | | |
|---|---|---|---|---|
| | | | | മറ്റ് അനധികൃത പ്രവൃത്തികൾക്കോ കൂട്ട് നിൽക്കുന്ന ആൾ അല്ലെന്നും തന്നിൽ അർപ്പിതമായ കർത്തവ്യങ്ങളിൽ നിതി പുലർത്തുന്ന ഉദ്യോഗസ്ഥനാണെന്നും ബോധ്യപ്പെട്ിട്ടുണ്ടെന്നും ടിയാൻറെ സമയോചിതമായ ഇടപെടലും അർപ്പണ മനോഭാവവും കണക്കിലെടുത്ത് ടിയാന് പ്രശംസാപത്രം മുൻപിനാലെ നൽകിയിട്ടുള്ളതുമാണ് എന്നും ശ്രീ. ജിൽസന്റെ ഭാഗത്തു നിന്നും മനഃപൂർവ്്യമായ വീഴച്ചകളോ ജാഗ്രതക്കുറവോ ഉണ്ടായിട്ടില്ലാത്തതിനാൽ ടിയാന്റെ പേരിൽ അച്ചടക്കനടപടികൾ സ്വീകരിക്കുന്നത് അനുചിതവും ഉദ്യോഗസ്ഥരുടെ മനോവീര്യം കെടുത്തുന്നതാണെന്ന തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അഭിപ്രായം വിലയിരുത്തി കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അഭിപ്രായം പരിഗണിച്ച് ശ്രീ.എ.ജിൽസൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി ഒഴിവാക്കി |
| 52 | 09–09–2025 | കോട്ടയം ഡിവിഷനിലെ ശ്രീമതി ഉഷസ് എന്നയാളെ അനധികൃതമായി നിയമിച്ചു എന്ന് ആരോപിച്ച് വാൾട്ടർ പി | ശ്രീമതി.ഉഷസ്സ്.കെ.കെ എന്നയാളുടെ എഫ്.ഡി.എ അസ്സിസ്റ്റൻറ്റായുള്ള താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിലുള്ള | വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ വനം വിജിലൻസ് |

| | | | | |
|---|---|---|---|---|
| | | ബോണിഫസ് സമർപ്പിച്ച പരാതി -സംബന്ധിച്ച്. | സേവനം നഗരംപാറ- അയ്യപ്പൻ കോവിൽ എഫ്.ഡി.എ-യുടെ ജനറൽ ബോഡി മീറ്റിംഗ് തീരുമാന പ്രകാരമായതിനാലും ടി പ്രവർത്തികളിൽ വ്യക്തിപരമായതോ സ്വാർത്ഥപരമായതോ ആയ താൽ പര്യങ്ങൾ കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ല.ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല | വിഭാഗത്തോട് ആവശ്യപ്പെട്ടിരിക്കുന്നു. |
| 53 | 15-04-2024 | മാനിനെ കൊന്ന് കറിവെച്ച സംഭവം - അന്വേഷണം അട്ടിമറിക്കാൻ നീക്കം എന്ന പത്രവാർത്ത - സംബന്ധിച്ച്. FWLD-A2/67/2022-F&WLD | പച്ചമല സെക്ഷൻ പരിധിയിൽ വരുന്ന തൊളിക്കോട് പഞ്ചായത്തിലെ ഉഴമലയ്ക്കൽ വില്ലേജിൽപ്പെട്ട ശ്രീ അജേഷ് എന്നയാളുടെ സ്വകാര്യ സ്ഥലത്ത് പട്ടികളുടെ ആക്രമത്തിൽ പരുക്കേറ്റ് മരണപ്പെട്ട കേഴമാനിന്റെ ജഡം വന്യജീവി സംരക്ഷണ നിയമ പ്രകാരം ഷെഡ്യൂൾ II-യിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു വന്യമൃഗത്തിന്റെ കാര്യത്തിൽ ചെയ്യേണ്ട നടപടി ക്രമങ്ങൾ പാലിക്കാതെ സ്ഥലത്ത് നിന്നും നീക്കം ചെയ്തതിൽ വീഴ്ചവരുത്തി. | അച്ചടക്ക നടപടി തുടർന്ന് വരുന്നു |
| 54 | 27-06-2025 | കോതമംഗലം ഡിവിഷനിലെ തൊടുപുഴ റെയ്ഞ്ചിൽ ബുക്ക് ചെയ്ത OR - 36/2002 കേസ് - ശ്രീ. ടോമി മത്തായിയെ കസ്റ്റഡിയിലിരിക്കെ മർദ്ധിച്ചതിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നൽകിയ പരാതി - അന്വേഷണം നടത്തുന്നത് A2/11/2025/F&WLD | ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല | ശ്രീ. ടോമി മത്തായിയെ കസ്റ്റഡിയിലിരിക്കെ മർദ്ധിച്ചതിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നൽകിയ പരാതിലെ വിധിയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ജീവനക്കാർക്ക് കാരണംകാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടിസ്വീകരിച്ച് വരുന്നു. |
| 55 | 18-09-2025 | അതിരപ്പള്ളി റെയിഞ്ചിലെ 1960 വാടമുറി തേക്കുതോട്ടത്തിൽ നിന്ന് 2 മരങ്ങൾ അനധികൃതമായി മുറിച്ചത് - സംബന്ധിച്ച്-G Prasad ACF | ആരോപണം തെളിയിക്കപ്പെട്ടിട്ടില്ല | അച്ചടക്ക നടപടി തീർപ്പാക്കി |
| 56 | 12-05-2021 | തൃശ്ശൂർ ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ച് ഓഫീസറുടെ കൃത്യനിർവ്വഹണത്തിലെ വീഴ്ച - സംബന്ധിച്ച് | കൃത്യനിർവ്വഹണത്തിലെ വീഴ്ച | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി നടപടികൾ തുടർന്ന് വരുന്നു. |
| 57 | 16-09-2022 | പട്ടിക്കാട് റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.അഖിൽ ബാബുവിനും, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ | മേലധികാരിയുടെ അനുമതിയില്ലാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടു നിന്നു | അച്ചടക്ക നടപടി തീർപ്പാക്കി. |

| | | | | |
|---|---|---|---|---|
| | | ശ്രീ.വി.എസ്.അരുണിനും എതിരെ ശ്രീ.വിനയരാജൻ സമർപ്പിച്ച പരാതി-സംബന്ധിച്ച് | | |
| 58 | 15-09-2022 | തൃശ്ശൂർ ജില്ലയിൽ ഒലക്കര ആദിവാസി കോളനിയിലെ അന്തേവാസികൾ സമർപ്പിച്ച പരാതി -സംബന്ധിച്ച് FWLD-A1/158/2024-FWLD | പരാതിയുമായി ബന്ധപ്പെട്ട വിവിധ ആരോപണങ്ങളിൽ വിശദമായി അന്വേഷണം നടത്തിയതിലും, ആരോപണങ്ങളിൽ പറയുന്ന വിഷയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിലും, പരാതിയിലെ ആരോപണങ്ങളിൽ അടിസ്ഥാനമില്ലെന്നും, പരാതി നൽകിയിട്ടുള്ള സംഘടന നിലവിലില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. | നടപടി സ്വീകരിച്ച് വരുന്നു. |
| 59 | 05-03-2025 | Operation Jungle safari – Thrissur | വരുമാനം കൃത്യസമയത്തിന് ട്രഷറിയിൽ അടക്കാത്തത് | കുറ്റാരോപിതരെ സ്ഥലം മാറ്റിയിട്ടുള്ളതാണ് വനം വിജിലൻസ് റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് അച്ചടക്ക നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട് |
| 60 | 12-11-2024 | Sajan, Malayalan Colony, Randukai P.O ,Chaipankuzhi എന്നയാൾ സമർപ്പിച്ച പരാതി -സംബന്ധിച്ച് | വയർലസ് സെറ്റ് അനധികൃതമായി ഉപയോഗിച്ചത് | അച്ചടക്ക നടപടി അവസാനിപ്പിച്ചു |
| 61 | 11-06-2024 | പരിയാരം റേഞ്ച് കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ വിനയരാജ്,ശ്രീ ശ്രീകാന്ത് എന്നിവർ മാസങ്ങളായി സ്റ്റേഷനിൽ വരുന്നില്ല എന്ന പരാതി-സംബന്ധിച്ച് | ഓഫീസിൽ കൃത്യമായി വരുന്നില്ല | കർശന താക്കീത് നൽകി നടപടി അവസാനിപ്പിച്ചു |
| 62 | 16-02-2024 | പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ സുധീഷ് കുമാറിനെതിരായ പരാതി | കൈക്കൂലി വാങ്ങിയതായി കണ്ടെത്തി. | അച്ചടക്ക നടപടികൾ തുടർന്നു വരുന്നു |
| 63 | 19-09-2022 | Irregulatiries in construction of Janda in Palode Range | ജണ്ട നിർമ്മാണത്തിൽ വീഴ്ച കണ്ടെത്തി | സർക്കാർതലത്തിൽ കുറ്റപത്രം കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു |
| 64 | 01-02-2022 | Illicit Felling of Trees from Patta Land of Kulathupuzh –Petition against Sri Selvaraj RFO-CMO 210804918 | പട്ടയ ഭൂമിയിലെ മരം മുറിക്ക് NOC നൽകി | മെമ്മോ നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു |
| 65 | 31-12-2021 | Kulathupuzha Thekkumala Section Irregularities | യഥാസമയം കുറ്റകൃത്യം കണ്ടെത്തുന്നതിൽ വീഴ്ചവരുത്തി | അച്ചടക്ക നടപടി തീർപ്പാക്കി |
| 66 | 27-11-2023 | Submission by Sri.R.Vinod RFO | ചാർജ് ലിസ്റ്റ് പ്രകാരമുള്ള തൊണ്ടികൾ ഉണ്ടോയെന്ന് | സമർപ്പിച്ച റിപ്പോർട്ട് വ്യക്തത വരുത്തി |

| | | | | |
|---|---|---|---|---|
| | | | ഉറപ്പവരുത്തുന്നതിൽ വീഴ്ച വരുത്തി | നൽകാൻ വനം വിജിലൻസിനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| 67 | 06-12-2023 | OR 01/2021 OF PALODE RANGE | മഹസർ തയ്യാറാക്കുമ്പോഴും, തെളിവെടുപ്പ് സമയത്തും റെയിഞ്ച് ഓഫീസറുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായി | കുറ്റപത്രം കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു |
| 68 | 24-09-25 | പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്ത് ഇരുമ്പൻചോല ഭാഗത്ത് ചെട്ടിക്കുന്നിന് സമീപം അബ്ബാസ് എന്നയാൾ വനമേഖലയിൽ തീയിട്ടത് - സംബന്ധിച്ച്. | കുറ്റകൃത്യം കണ്ടെത്തുന്നതിൽ വീഴ്ച | കുറ്റപത്രം/ കുറ്റാരോപണ പത്രിക നൽകി |
| 69 | 06-06-2025 | തടി മില്ല് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു-(B3/61/2024/FWLD) | വായു മാർഗ്ഗം കുറഞ്ഞ ദൂരപരിധി നിശ്ചയിച്ചതിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിനെ മാത്രം ആശ്രയിച്ച് ഉത്തരവ് നൽകിയതിൽ പിഴവ് സംഭവിച്ചു | റിപ്പോർട്ടിൽ വ്യക്തത വരുത്താൻ വനം വിജിലൻസിനോട് ആവശ്യപ്പെട്ടു |
| 70 | 24-03-2025 | ഹിമാലയൻ തേർഡ് ഐ ട്രസ്റ്റ് എന്ന പേരിലുള്ള സ്ഥാപനം നടത്തിയ സാമ്പത്തിക തട്ടിപ്പ് കേസ്സിൽ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുണ്ടോ എന്ന അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച് | ശ്രീ.അഷ്റഫ് ബാവയുടെ ഹിമാലയൻ മിസ്റ്ററിക് തേർഡ് ഐ. എന്ന ട്രെസ്റ്റിൽ മെമ്പർ ആകുകവഴി അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ (ഹയർ ഗ്രേഡ്) ശ്രീ.സനിൽ ഐ.പി. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തി. | അച്ചടക്ക നടപടികൾ തുടർന്നു വരുന്നു |
| 71 | 04-12-2023 | വാളറ ഫോറസ്റ്റ് സ്റ്റേഷനിൽ 11 ഫയർ വാച്ചർമാർ ജോലി ചെയ്യുന്നതിൽ 26 പേർക്ക് മസ്റ്റർ റോൾ എഴുതുന്നു എന്ന പരാതി -സംബന്ധിച്ച് | നിയോഗിക്കപ്പെട്ട ഫയർ വാച്ചർമാർ ജോലിയിൽ ഉണ്ടെന്ന് ഉറപ്പവരുത്തുന്നതിൽ വീഴ്ചവരുത്തി | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |
| 72 | 11-07-2023 | ദേവികുളം റെയ്ഞ്ചിലെ കെ.എൽ 06 സി 7268 നമ്പർ ജീപ്പിൻെറ പാർട്ട്സുകൾ ഊരി കെ.എൽ 17 ബി 8632 നമ്പർ ജീപ്പിലേക്ക് മാറ്റി ബില്ലുകൾ മാറിയെടുത്തു എന്ന പരാതി-സംബന്ധിച്ച് | സർക്കാർ ജീപ്പിന്റെ ഉപകരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് കണ്ടെത്തി അതിനുള്ള സർക്കാറിന്റെ നഷ്ടം ഈടാക്കാൻ ഭരണവിഭാഗത്തിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |
| 73 | 06-04-2023 | പേര് വെളിപ്പെടുത്താതെ ഒരാൾ നൽകിയ പരാതി-നേര്യമംഗലം റേഞ്ചിലെ വാളറ സ്റ്റേഷനിൽ മുരളി, ബിജോയ് എന്നീ BFO മാർ കാട്ടമ്പലം ഭാഗത്തു വീണു കിടന്ന തമ്പക മരം മുറിച്ചു | OR 2/2019, 3/2019 വന കുറ്റം യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തി | മെമ്മോ നൽകി നടപടി സ്വീകരിച്ചു വരുന്നു |
| 74 | 27-09-2023 | നേര്യമംഗലം ഫോറസ്റ്റ് റെയിഞ്ചിനു കീഴിലെ വാളറ ഫോറസ്റ്റ് ഓഫീസിൻെറ പരിധിയിൽ വരുന്ന പഴംപള്ളിച്ചാലിലെ കൈവശ ഭൂമിയിൽ നിന്നും വനം വകുപ്പിൻെറ ഒത്താശയോടെ | വന കുറ്റം യഥാസമയം കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചു | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |

| | | | | |
|---|---|---|---|---|
| | | വൻതോതിൽ മരം മുറിച്ച് കടത്തിയെന്നുള്ള ആരോപണം – സംബന്ധിച്ച്. | | |
| 75 | 23-05-2023 | ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ വില്ലേജിലെ കൈവശ ഭൂമിയിൽ നിന്നും വ്യാപകമായി ഈട്ടി തേക്ക് എന്നീ മരങ്ങൾ മുറിച്ച് മാറ്റുന്നു എന്ന പരാതി – സംബന്ധിച്ച്. | NOC നൽകുന്നതിന് മുമ്പ് മരങ്ങൾ സർക്കാരിന്റെ വകയാണോ എന്ന് പരിശോധന നടത്തിയതിൽ വീഴ്ച സംഭവിച്ചു | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |
| 76 | 16-10-2023 | ദേവികുളം ഡിവിഷനോഫീസിൽ വിവിധ തരത്തിലുള്ള അഴിമതികൾ നടത്തുന്നു എന്ന പരാതി -സംബന്ധിച്ച്. | 2018 മുതൽ സർക്കാർ പഴയ വാഹനങ്ങൾ MSTC മുഖാന്തരമാണ് ലേലം ചെയ്യാറുള്ളത്. എന്നാൽ 2019 ൽ അതല്ലാതെ ലേലം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. | വനം ആസ്ഥാനത്ത് നടപടി സ്വീകരിച്ച് വരുന്നു. |
| 77 | 18-12-2024 | നവകേരള സദസ്സിനെ ആക്ഷേപിച്ച് സോഷ്യൽ മീഡിയയിൽ ശ്രീ.സക്കീർ ഹുസൈൻ എന്ന വനംവകുപ്പുദ്യോഗസ്ഥൻ പോസ്റ്റിട്ടത് – സംബന്ധിച്ച്. | സർക്കാർ നയങ്ങളെ പൊതു മാധ്യമങ്ങളിൽ വിമർശിച്ചു | സർക്കിൾ ഡിവിഷൻ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു |
| 78 | 29-10-2024 | VIP Petition ആറളം വന്യജീവി സങ്കേതത്തിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വന്യജീവി സങ്കേതത്തിൽ നിന്നും അനധികൃതമായി മരം മുറിച്ചത് – സംബന്ധിച്ച്. | ആന മതിൽ നിർമ്മിക്കുന്നതിന് വേണ്ടി ആവശ്യമില്ലാത്ത മരങ്ങൾ മുറിച്ചു | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |
| 79 | 27-03-2025 | Petition against Sri. G.Prasad, Working Plan Officer, Munnar – Reg | സർക്കാർ വാഹനം ദുരുപയോഗം ചെയ്തു എന്ന പരാതി തെളിയിക്കപ്പെട്ടിട്ടില്ല എന്ന് ഭരണവിഭാഗത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ട് | ടിയാൻ കുറ്റക്കാരനല്ലെന്ന് കണ്ട് അച്ചടക്ക നടപടി അവസാനിപ്പിച്ചു |
| 80 | 31-05-2022 | പെരിയാർ ഈസ്റ്റ് ഡിവിഷനിലെ വള്ളക്കടവ് റെയ്ഞ്ചിലെ പൊൻനഗർ ഇ.ഡി.സി ക്ക് ഫയർലൈൻ ജോലികൾ നൽകി വള്ളക്കടവ് റെയ്ഞ്ച് ഓഫീസർ ഉൾപ്പെടെയുള്ളവർ ജോലി ചെയ്തതിൻെറ തുക നൽകാതിരിക്കുകയും കൈക്കൂലി വാങ്ങുകയും ചെയ്തു എന്ന പരാതി – സംബദ്ധിച്ച് (FWLD-A2/25/2023-FWLD) | കൺട്രോൾ ബർണിങ് നടത്തിയ സ്ഥലത്ത് ഫയർ ലൈൻ എടുത്തതായി രേഖകൾ ഉണ്ടാക്കി ക്ലെയിം ചെയ്തത് വഴി സർക്കാരിന് Rs. 60,712/- രൂപ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും നിർദിഷ്ട അളവുകളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ എടുക്കുകയും യഥാസമയം പരിശോധനകൾ നടത്താതെയും ബിൽ തയാറാക്കി സമർപ്പിച്ച ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം വാങ്ങാനും ബന്ധപ്പെട്ട കരാറുകാരിക്കെതിരെ നടപടി എടുക്കാനും ഭരണ വിഭാഗത്തിന് ശുപാർശ ചെയ്തിരുന്നു. | കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു |
| 81 | 22-03-2025 | ബഹു.വനം വന്യജീവി വകുപ്പ് മന്ത്രി മുമ്പാകെ സുൽത്താൻ ബത്തേരി താലൂക്കിലെ വള്ളുവാടി പ്രദേശവാസികൾ ശ്രീ. സുമേഷിനെതിരെ ബോധിപ്പിച്ച പരാതി – | തകർന്ന പ്രതിരോധ മാർഗങ്ങളുടെ പുനർനിർമ്മാണം കൃത്യമായും സമയബന്ധിതമായും നടത്താത്തതിനാലാണ് ഈ പ്രദേശത്ത് വന്യമൃഗ ശല്യം കൂടുന്നതിന് കാരണമായിട്ടുള്ളതെന്നും, എന്നാൽ | ആരോപണങ്ങൾ തെളിയിക്കപ്പെട്ടിട്ടില്ല |

| | | | | |
|---|---|---|---|---|
| | | സംബന്ധിച്ച് | ആരോപണത്തിൽ പറയും പ്രകാരം സ്റ്റാഫുകൾ പ്രദേശവാസികളോട് മോശമായി പെരുമാറി എന്നതിനുള്ള തെളിവുകൾ ഒന്നും അന്വേഷണ വേളയിൽ ലഭ്യമായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | |
| 82 | 19-12-2023 | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എൻ രൂപേഷ് തോൽപ്പെട്ടി റെയിഞ്ചിലെ ദൊഡ്ഡാടി എ.പി.സി.യിൽ സുഹൃത്തുക്കളുമായി വന്ന് പ്രശ്നങ്ങൾ സൃഷ്ടിച്ചത് - അച്ചടക്ക നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച് | സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്തത് -അച്ചടക്ക ലംഘനം | കുറ്റപത്രം കുറ്റാരോപണ പത്രിക നൽകി അച്ചടക്കനടപടികൾ തുടർന്നു വരുന്നു |
| 83 | 05-10-2021 | പെരിയാർ ഈസ്റ്റ് ഡിവിഷനിലെ വള്ളക്കടവ് റെയ്ഞ്ചിന് കീഴിലുള്ള വഞ്ചിവയൽ ഭാഗത്തുവച്ച് FIC യിൽ ജോലി ചെയ്ത് വരുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ.സുജിത്തിന് മർദ്ദനമേറ്റത് - സംബന്ധിച്ച്. | പോലീസ് വിഭാഗത്തിൽ കേസ് നൽകി ആയത് തുടർന്നുവരുന്നുണ്ട് | കുറ്റപത്രം കുറ്റാരോപണ പത്രിക നൽകി അച്ചടക്കനടപടികൾ തുടർന്നു വരുന്നു |